2024 NOVEMBER
15
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## അബുദാബി സെക്യൂരിറ്റീസ് എക്സ്ചേഞ്ചിൽ ലുലു റീട്ടെയ്ൽ ട്രേഡിങ്ങിന് തുടക്കം




**അബുബാദി:** ഒരു ഇന്ത്യക്കാരൻറെ ഉടമസ്ഥയിലുള്ള കമ്പനിയുടെ ജിസിസിയിലെ ഏറ്റവും വലിയ ലിസ്റ്റിങ്ങ് എന്ന റെക്കോർഡോടെ ലുലു റീട്ടെയ്ൽ ട്രേഡിങ്ങിന് തുടക്കമായി. അബുദാബി സെക്യൂരിറ്റീസ് എക്സ്ചേഞ്ചിൽ യുഎഇ നിക്ഷേപ മന്ത്രി മുഹമ്മദ് ബിൻ ഹസൻ അൽസുവൈദി, ലുലു ചെയർമാൻ എം.എ. യൂസഫലി എന്നിവർ ചേർന്ന് മണി മുഴക്കി ട്രേഡിങ്ങിന് തുടക്കംകുറിച്ചു. യുഎഇയുടെയും ജിസിസിയുടെയും വികസനത്തിന് ലുലു നൽകിയ പങ്കാളിത്വം മാതൃകാപരമാണെന്നും പൊതുപങ്കാളിത്വത്തിലേക്ക് കടന്നതോടെ കൂടുതൽ ജനകീയമാവുകയാണ് ലുലുവെന്നും യുഎഇ നിക്ഷേപ മന്ത്രി മുഹമ്മദ് ബിൻ ഹസൻ അൽസുവൈദി പറഞ്ഞു. യുഎഇ ഉൾപ്പടെയുള്ള അറബ് രാജ്യങ്ങളിലുള്ളവരുടെയും വിദേശ നിക്ഷേപകരുടെയും മികച്ച പങ്കാളിത്വമാണ് ലുലു റീട്ടെയ്ൽ ഓഹരികൾക്ക് ഉള്ളത്. ലിസ്റ്റിങ്ങ് ശേഷവും റീട്ടെയ്ൽ നിക്ഷേപകരിൽ നിന്ന് മികച്ച ഡിമാൻഡ് ലുലു റീട്ടെയ്ലിന് ലഭിക്കുമെന്നാണ് വിലയിരുത്തൽ.

ലുലുവിൻറെ റീട്ടെയ്ൽ യാത്രയിലെ ചരിത്ര മുഹൂർത്തമാണ് എഡിഎക്സ് ലിസ്റ്റിങ്ങെന്നും നിക്ഷേപകർ ലുലുവിൽ അർപ്പിച്ച വിശ്വാസമാണ് ലിസ്റ്റിങ്ങിലൂടെ യാഥാർത്ഥ്യമാകുന്നതെന്നും ലുലു ചെയർമാൻ എം.എ. യൂസഫലി വ്യക്തമാക്കി. നിക്ഷേപകർക്ക് മികച്ച റിട്ടേൺ ലഭിക്കുന്നതിനുള്ള പ്രയത്നം ലുലു തുടരുമെന്നും മൂന്ന് വർഷത്തിനകം നൂറ് സ്റ്റോറുകളെന്ന ലക്ഷ്യത്തിലേക്ക് നീങ്ങുന്ന ലുലുവിൻറെ കരുത്ത് ജീവനക്കാരാണെന്നും ചെയർമാൻ പറഞ്ഞു.

അബുദാബി പെൻഷൻ ഫണ്ട്, എമിറേറ്റ്സ് ഇൻറർനാഷ്ണൽ ഇൻവെസ്റ്റ്മെൻറ് കമ്പനി, ബഹ്റൈൻ മുംതലകത്ത് ഹോൾഡിങ്ങ്സ്, ഒമാൻ ഇൻവെസ്റ്റ്മെൻറ് അതോറിറ്റി, കുവൈറ്റ് ഇൻവെസ്റ്റ്മെൻറ് അതോറിറ്റി, ഖത്തർ ഇൻവെസ്റ്റ്മെൻറ് അതോറിറ്റി തുടങ്ങിയവരാണ് പ്രധാന നിക്ഷേപകർ.

പ്രൊഫഷണൽ നിക്ഷേപക സ്ഥാപനങ്ങൾ കൂടാതെ ഐപിഒ തുടങ്ങി പതിനാറ് ദിവസത്തിനകം അരലക്ഷത്തിലേറെ വ്യക്തിഗത നിക്ഷേപകരാണ് ഓഹരി സബ്സ്ക്രൈബ് ചെയ്തത്. വൻ ഡിമാൻഡ് പരിഗണിച്ച് ഓഹരികൾ 30% ശതമാനമാക്കി ഉയർത്തിയിരുന്നു. 25 ഇരട്ടി അധിക സമാഹരണത്തോടെ 3 ലക്ഷം കോടി രൂപയിലധികമാണ് സമഹാരിച്ചത്. ഒക്ടോബർ 28 മുതൽ നവംബർ 5വരെയായിരുന്നു പ്രാരംഭ ഓഹരി വിൽപ്പന. 574 കോടി ഡോളറാണ് ലുലു റീട്ടെയിലിൻറെ വിപണി മൂല്യം. ആദ്യ വർഷം നികുതിക്ക് ശേഷമുള്ള ലാഭത്തിൻറെ 75ശതമാനവും ലാഭവിഹിതമായി നൽകുമെന്ന് അധികൃതർ നേരത്തെ വ്യക്തമാക്കിയിരുന്നു.

## വിദേശയാത്രകൾ കൂടി; പാസ്പോർട്ടിന് വൻ തിരക്ക്, ഒരു ദിവസം അച്ചടിച്ച് അയയ്ക്കുന്നത് 900 പാസ്പോർട്ടുകൾ



**തിരുവനന്തപുരം :** പഠനത്തിനായി കുട്ടികൾ വിദേശത്തേക്കു പോകുന്നതും കുടുംബസമേതമുള്ള വിനോദയാത്രകളും കാരണം തിരക്കേറി പാസ്പോർട്ട് വിതരണം. മുൻപ് തൽക്കാൽ പാസ്പോർട്ടിന് അപേക്ഷിക്കുന്നവർക്ക് പാസ്പോർട്ട് സേവാകേന്ദ്രത്തിൽ രേഖകളുടെ പരിശോധനയ്ക്ക് ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ അവസരം ലഭിക്കുമായിരുന്നു. എന്നാൽ, അടിയന്തര ആവശ്യങ്ങൾക്കു വേണ്ടി തൽക്കാൽ മാർഗത്തിലൂടെ അപേക്ഷിച്ചാൽ 4 മുതൽ ഒരാഴ്ച വരെ നീളുകയാണിപ്പോൾ. ഇതുകാരണം പെട്ടെന്നു വിദേശയാത്രയ്ക്കു പോകേണ്ടവർ ബുദ്ധിമുട്ടിലാകുന്നുവെന്നാണു പരാതി. എന്നാൽ, അടിയന്തരമായി പാസ്പോർട്ട് വേണ്ടവർ പാസ്പോർട്ട് ഓഫിസിലെത്തി കാരണം ബോധിപ്പിച്ചാൽ പരിഹാരം കാണാൻ സൗകര്യമരുക്കിയിട്ടുണ്ടെന്നു പാസ്പോർട്ട് ഓഫിസ് അധികൃതർ വ്യക്തമാക്കി.

തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം പാസ്പോർട്ട് സേവാകേന്ദ്രങ്ങളാണു തിരുവനന്തപുരം പാസ്പോർട്ട് ഓഫിസിനു കീഴിൽ പ്രവർത്തിക്കുന്നത്. ഒരു ദിവസം 900 പാസ്പോർട്ടുകളാണ് തിരുവനന്തപുരം പാസ്പോർട്ട് ഓഫിസിൽ അച്ചടിച്ചു തപാലിൽ അയയ്ക്കുന്നത്. തൽക്കാലിൽ അപേക്ഷിക്കുന്നവർക്ക് പാസ്പോർട്ട് സേവാ കേന്ദ്രത്തിലെത്തിലെ രേഖകളുടെ പരിശോധന പൂർത്തിയാക്കിയ ഉടൻ തന്നെ പാസ്പോർട്ട് അച്ചടിച്ചു തപാലിൽ അയയ്ക്കും. പിറ്റേന്നോ മൂന്നാം ദിവസമോ പാസ്പോർട്ട് ലഭിക്കുന്ന വിധത്തിലാണു ക്രമീകരണം . തൽക്കാലിലല്ലാതെ അപേക്ഷിച്ചാൽ ഒരു മാസം കഴിഞ്ഞുള്ള തീയതിയാണ് അപേക്ഷകളുടെ പരിശോധയ്ക്കായി അനുവദിക്കുന്നത്. അതു കഴിഞ്ഞു പൊലീസ് പരിശോധന കൂടി പൂർത്തിയാക്കിയാലേ പാസ്പോർട്ട് അച്ചടിച്ച് അയയ്ക്കൂ. മുൻപ് സംസ്ഥാനത്തിനകത്തും പുറത്തുമായായിരുന്നു പലരും വിനോദയാത്ര പോയിരുന്നതെങ്കിൽ ഇപ്പോൾ പലരും യാത്ര വിദേശത്തേക്കാക്കി. ഇതാണ് പാസ്പോർട്ട് അപേക്ഷകരുടെ തിരക്കു കൂടാൻ മുഖ്യ കാരണം. ഓണാവധിക്കായിരുന്നു വൻ തിരക്ക്. അന്നത്തെ തിരക്കു കാരണമുണ്ടായ അപേക്ഷകരുടെ ആധിക്യമാണ് ഇപ്പോഴും ടോക്കൺ ലഭിക്കുന്നതിനു കാലതാമസമുണ്ടാക്കുന്നത്. മുൻകൂട്ടി പാസ്പോർട്ട് എടുക്കുകയാണ് ഓട്ടപ്പാച്ചിൽ ഒഴിവാക്കാനുള്ള പ്രധാന പരിഹാരം

## നരേന്ദ്ര മോദിക്ക് കോമൺവെൽത്ത് ഓഫ് ഡൊമിനിക്കയുടെ പരമോന്നത ദേശീയ ബഹുമതി



**ന്യൂഡൽഹി:** പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കരീബിയൻ രാജ്യമായ ഡൊമിനിക്കയുടെ പരമോന്നത ദേശീയ ബഹുമതിയായ ഡൊമിനിക്ക അവാർഡ് ഓഫ് ഓണർ. കോവിഡ് മഹാമാരിയുടെ കാലത്ത് ഡൊമിനിക്കയ്ക്ക് നൽകിയ സംഭാവനകൾക്കും ഇന്ത്യയും ഡൊമിനിക്കയും തമ്മിലുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള മോദിയുടെ സമർപ്പണത്തെ മാനിച്ചുമാണ് കോമൺവെൽത്ത് ഓഫ് ഡൊമിനിക്ക പരമോന്നത ദേശീയ ബഹുമതിയായ ഡൊമിനിക്ക അവാർഡ് ഓഫ് ഓണർ നൽകുന്നത്.

2024 നവംബർ 19 മുതൽ 21 വരെ ഗയാനയിലെ ജോർജ് ടൗണിൽ നടക്കുന്ന ഇന്ത്യകാരികോം ഉച്ചകോടിയിൽ കോമൺവെൽത്ത് ഓഫ് ഡൊമിനിക്കയുടെ പ്രസിഡന്റ് സിൽവാനി ബർട്ടൺ അവാർഡ് സമ്മാനിക്കും. 2021 ഫെബ്രുവരിയിൽ, ഇന്ത്യ ഡൊമിനിക്കയ്ക്ക് 70,000 ഡോസ് അസ്ട്രസെനക കോവിഡ് വാക്സീൻ നൽകിയിരുന്നു.



# 45ാമത് എറണാകുളം ജില്ലാ കരാട്ടെ ചാമ്പ്യൻഷിപ്പ്

**കോലഞ്ചേരി:** എറണാകുളം ജില്ലാ കരാട്ടെഡോ അസ്സോസിയേഷൻ സംഘടിപ്പിക്കുന്ന 45ാമത് കരാട്ടെ ചാമ്പ്യൻഷിപ്പ് കടയിരുപ്പ് ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് 16, 17 തീയതികളിൽ നടക്കും. ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം പുത്തൻകുരിശ് വി. ടി. ഷാജൻ ശനിയാഴ്ച രാവിലെ 11.00 മണിക്ക് നിർവഹിക്കും. എറണാകുളം ജില്ലാ പ്രസിഡന്റ് ഇൻചാർജ് സെൻസായ് അനിൽ ജേക്കബ് അധ്യക്ഷത വഹിക്കും. ജില്ലയിലെ വിവിധ ക്ലബ് കളിൽ നിന്ന് സബ് ജൂണിയർ, കേഡറ്റ്, ജൂണിയർ, അണ്ടർ21, സീനിയർ വിഭാഗങ്ങളിൽ മത്സരാർത്ഥികൾ രണ്ട് ദിവസങ്ങളിലായി മാറ്റുരക്കും.

വേൾഡ് കരാട്ടെ ഫെഡറേഷന്റെ 2024 ലെ പുതുക്കിയ നിയമാവലികൾ പാലിച്ച് ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട റഫറി / ജഡ്ജുമാർ മത്സരങ്ങൾ നിയന്ത്രിക്കും.

ഈ മത്സരങ്ങളിലെ വിജയികൾക്ക് ഡിസംബറിൽ നടക്കുന്ന സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്.എറണാകുളം ജില്ലാ കരാട്ടെഡോ അസോസിയേഷനിൽ അംഗത്വമുള്ള ക്ലബ്ബ്കളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. സംസ്ഥാന കരാട്ടെ അസോസിയേഷന്റെ അനുമതിയോടെ പുതിയ ക്ലബ്ബുകൾക്ക് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് വാർത്താ സമ്മേളനത്തിൽ പ്രസിഡന്റ് ഇൻചാർജ് അനിൽ ജേക്കബ്, സെക്രട്ടറി പി. പി വിജയകുമാർ, ട്രഷറർ എം. കെ. ഉണ്ണികൃഷ്ണൻ എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9895086039

# അഖില കേരള സെവൻസ് ഫുട്ബോൾ ടൂർണമെന്റ് 17 മുതൽ

**കോലഞ്ചേരി:** സി.വി. ജേക്കബ് മെമ്മോറിയൽ സിന്തൈറ്റ് കപ്പിനുവേണ്ടിയുള്ള അഖില കേരള സെവൻസ് ഫുട്ബോൾ ടൂർണമെന്റ് നവം.17 മുതൽ 23 വരെ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ ഫ്ളഡ് ലൈറ്റിൽ നടത്തപ്പെടും. കേരളത്തിലെ 8 പ്രമുഖ ക്ലബ്ബുകൾ മത്സരത്തിൽ മാറ്റുരയ്ക്കും. ഞായർ വൈകിട്ട് 7 മണിക്ക് പൗരപ്രമുഖരുടെ സാന്നിധ്യത്തിൽ സിന്തൈറ്റ് ഗ്രൂപ്പ് ഡയറക്ടർ ഏലിയാമ്മ ജേക്കബ് ടൂർണമെന്റ് ഉദ്ഘാടനം ചെയ്യും. പൾസ് കോട്ടയവും എഫ്.സി. എറണാകുളവും ആദ്യദിനം ഏറ്റുമുട്ടും. കുന്നത്തുനാട് താലൂക്കിലെ വിവിധ സ്കൂളുകളിലെ 17 വയസ്സിൽ താഴെയുള്ള കായിക താരങ്ങളെ ഉൾപ്പെടുത്തി 8 ടീമുകളുടെ മത്സരവും ടൂർണമെന്റിൽ നടത്തപ്പെടും. എഫ്.സി. കാലിക്കറ്റ്, എഫ്.സി. എറണാകുളം, പൾസ് കോട്ടയം, കെ.സി.സി. കോലഞ്ചേരി, സ്പോർട്സ് സ്റ്റോർ കോലഞ്ചേരി, ബേസിക് പെരുമ്പാവൂർ. പവർ ഡിപ്പോ, യൂണിവേഴ്സൽ കളമശ്ശേരി എന്നീ പ്രമുഖ ടീമുകളും കൂടാതെ സെന്റ് ജോസഫ് കിഴക്കമ്പലം, മാർ സ്റ്റീഫൻ എച്ച്.എസ്.എസ്. വാളകം, സെന്റ് പീറ്റേഴ്സ് എച്ച്.എസ്.എസ്. കോലഞ്ചേരി, ഹാഗിയ സോഫിയ മറ്റക്കുഴി, എം.ജി.എം. എച്ച്.എസ്. പുത്തൻകുരിശ്, ഗവ. എച്ച്.എസ്.എസ്. കടയിരുപ്പ്, മാർ കൂറിലോസ് പട്ടിമറ്റം, എബനേസർ എച്ച്.എസ്.എസ്. വീട്ടൂർ എന്നീ സ്കൂൾ ടീമുകളുമാണ് ടൂർണമെന്റിൽ പങ്കെടുക്കുന്നത്. പ്രവേശനം സൗജന്യമായിരിക്കും. സിന്തൈറ്റ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ അജു ജേക്കബ് കെ.സി.സി. പ്രസിഡന്റ് ജോജി എളൂർ, സെക്രട്ടറി ജോസി ജോർജ്, ട്രഷറർ ബെന്നി എം.പി. വൈസ് പ്രസിഡന്റ് ഷാജു പോൾ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## നിംസ് മെഡിസിറ്റിയിൽ പ്രമേഹ നിർണയക്യാമ്പും ബോധവത്കരണവും

**തിരുവനന്തപുരം:** ലോക പ്രമേഹ ദിനത്തോടനുബന്ധിച്ചു നിംസ് മെഡിസിറ്റിയിൽ സൗജന്യ പ്രമേഹരോഗനിർണയക്യാമ്പും ബോ ധവത്കരണ പരിപാടികളും സംഘടിപ്പിച്ചു. എൻഡോക്രൈനോളജിസ്റ്റ് ഡോ. വി. ശശികുമാർ അധ്യക്ഷത വഹിച്ച ചടങ്ങ് ഫ്രാബ്സ് പ്രസിഡൻറ് പൂങ്കോട് സുനിൽ ഉദ്ഘാടനം ചെയ്തു. ഫ്രാബ്സ് ജനറൽ സെക്രട്ടറിയും സുഹൃത്ത് ചാരിറ്റബിൾ സൊസൈറ്റി വയോജന സംരക്ഷണ മന്ദിരം പ്രസിഡൻറുമായ ബാലരാമപുരം പി. അൽഫോൺസ് മുഖ്യാതിഥിയായിരുന്നു.



# ശബരിമല മണ്ഡലകാലം: കൂടുതൽ പൊലീസ് എത്തും; പരിശോധനകളും കർശനം

**ചെങ്ങന്നൂർ:** ശബരിമല തീർഥാടകർ എത്തിത്തുടങ്ങിയതോടെ ഇവരുടെ സുരക്ഷയ്ക്കായി ചെങ്ങന്നൂർ പൊലീസിന്റെ നേതൃത്വത്തിൽ കൺട്രോൾ റൂം ആരംഭിക്കും. റെയിൽവേ സ്റ്റേഷൻ, കെഎസ്ആർടിസി ബസ് സ്റ്റാൻഡ്, മഹാദേവ ക്ഷേത്രം എന്നീ സ്ഥലങ്ങളിൽ എയ്ഡ് പോസ്റ്റുകൾ തുറക്കും. റെയിൽവേ സ്റ്റേഷൻ പരിസരത്തെ പ്രീപെയ്ഡ് ടാക്സി കൗണ്ടർ സേവനം പൊലീസ് നിയന്ത്രണത്തിലാകും നടത്തുക. മിത്രപ്പുഴ കടവിൽ എയ്ഡ് പോസ്റ്റ് ആരംഭിക്കും.

അനധികൃത വാഹന പാർക്കിങ്ങിനെതിരെ ട്രാഫിക് പൊലീസ് നടപടികൾ സ്വീകരിക്കും. വിവിധ ജില്ലകളിൽ നിന്നായി കൂടുതൽ പൊലീസ് ഉദ്യോഗസ്ഥരെയും അധികമായി സ്പെഷൽ പൊലീസ് ഓഫിസർമാരെയും നിയോഗിക്കും. സീസണിൽ ശബരിമല പാതയിൽ കൂടുതൽ വാഹന പരിശോധനകൾ നടത്തും. അഗ്നിരക്ഷാ സേന മിത്രപ്പുഴക്കടവിൽ 24 മണിക്കൂറും രണ്ടു സ്കൂബ ഡ്രൈവർമാരുടെ സേവനം ലഭ്യമാക്കും. അപകടസാധ്യതയുള്ള പാറക്കടവ് ഭാഗത്തേക്കുള്ള വഴി സീസൺ കാലയളവിൽ താൽകാലികമായി അടച്ചു.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ 10 കിടക്കകളോടു കൂടിയ ശബരിമല വാർഡ് ആരംഭിക്കും. ആംബുലൻസുകളും സജ്ജമാക്കും. ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പരിശോധന ഉണ്ടാകും. തീർഥാടകർ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ ഫോഗിങ്ങും ആരോഗ്യ ബോധവൽക്കരണവും നടത്തും. ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി തീർഥാടകർക്ക് പ്ലാസ്റ്റിക് സഞ്ചിക്കു പകരമായി തുണിസഞ്ചികൾ വിതരണം ചെയ്യും.അലോപ്പതി, ആയുർവേദ, ഹോമിയോ മെഡിക്കൽ സ്റ്റാളുകൾ തീർഥാടകർക്കായി റെയിൽവേ സ്റ്റേഷൻ പരിസരത്ത് പ്രവർത്തിക്കും. കരുണ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ റെയിൽവേ സ്റ്റേഷനു സമീപം തീർഥാടകർക്കായി ഹെൽത്ത് ഹെൽപ് ഡെസ്ക് ആരംഭിക്കും.തീർഥാടകരിൽ നിന്നും അമിത വില ഈടാക്കുന്നതിനെതിരെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സ്ക്വാഡ് പ്രവർത്തിക്കും. നഗരസഭ ,താലൂക്ക്.സപ്ലൈ ഓഫിസ് എന്നിവയുടെ നേതൃത്വത്തിൽ ഹോട്ടലുകളിലും ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങളിലും പരിശോധന നടത്തും.

തീർഥാടകർ കടന്നു പോകുന്ന പ്രധാന പാതകളിൽ വൈദ്യുതി പോസ്റ്റുകളിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. തീർഥാടന വഴിയിലെ പ്രധാന പാതകളിലെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പും പൂർത്തീകരിച്ചു.

# സംസ്ഥാന ശാസ്ത്രോത്സവം: വരവറിയിച്ച് വിളംബരജാഥ

**ആലപ്പുഴ:** നഗരത്തിൽ ആഘോഷസായാഹ്നമൊരുക്കി സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവ വിളംബര ജാഥ. ആലപ്പുഴ നഗരസഭ ശതാബ്ദി മന്ദിരത്തിൽനിന്നും വൈകിട്ട് നാലിന് ആരംഭിച്ച വിളംബര ഘോഷയാത്ര എച്ച്. സലാം എംഎൽഎ ഫ്ളാഗ് ഓഫ് ചെയ്തു.

സംഘാടകസമിതി ചെയർമാൻ മന്ത്രി സജി ചെറിയാൻ, പി.പി. ചിത്തരഞ്ജൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ. ജി. രാജേശ്വരി, മുനിസിപ്പൽ ചെയർപേഴ്സൺ കെ.കെ. ജയമ്മ, ജില്ലാ പഞ്ചായത്തംഗങ്ങളായ ടി.എസ്. താഹ, ആർ. റിയാസ്, വിദ്യാഭ്യാസ ഉപഡയറക്ടർ ഇ.എസ്. ശ്രീലത എന്നിവർ ജാഥയിൽ അണിനിരന്നു.

സംസ്ഥാന സ്കൂൾ കായികമേളയിൽ മൂന്നു സ്വർണവും ഒരു വെള്ളിയും കരസ്ഥമാക്കി ആലപ്പുഴയുടെ അഭിമാനമായി മാറിയ സെൻറ് ജോസഫ്സ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർഥിനി ആർ. ശ്രേയ പതാകയേന്തി. മേളയുടെ ദീപശിഖയ്ക്കു പിന്നാലെ അത്‌ലറ്റുകളും അണിനിരന്നു.

വാദ്യമേളങ്ങളുടെയും അമ്മൻകുടത്തിൻറെയും ബാൻഡ് സെറ്റിൻറെയും അകമ്പടിയോടെ നിങ്ങിയ ജാഥയിൽ ജില്ലാ സ്പോർട്സ് കൗൺസിൽ കായികതാരങ്ങളും സംസ്ഥാന സ്കൂൾ കായികമേളയിൽ പങ്കെടുത്ത ആലപ്പുഴ ജില്ലയിലെ കായികതാരങ്ങളും റോവിംഗ് താരങ്ങളും അണിനിരന്നു.

നഗരത്തിലെ വിവിധ വിദ്യാലയങ്ങളിലെ എൻസിസി, എസ്പിസി, സ്കൗട്ട് ആൻഡ് ഗൈഡ് തുടങ്ങിയ വിഭാഗങ്ങളുടെ മാർച്ച് പാസ്റ്റും വിളംബരജാഥക്ക് മിഴിവേകി. ജനപ്രതിനിധികൾ, വിദ്യാഭ്യാസ, സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുത്ത ഘോഷയാത്രക്ക് ആയിരങ്ങൾ സാക്ഷിയായി. വിളംബരഘോഷയാത്ര പ്രധാനവേദിയായ സെൻറ് ജോസഫ് സ്കൂളിൽ സമാപിച്ചു.വിളംബരഘോഷയാത്രക്കു മുന്നോടിയായി ഇന്നലെ രാവിലെ കേരളത്തിലെ സസ്യ സമ്പത്തിനെക്കുറിച്ച് സമഗ്ര വിവരങ്ങൾ ഉൾപ്പെടുത്തി തയാറാക്കിയ ഹോർത്തൂസ് മലബാറിക്കസ് ഗ്രന്ഥത്തിൻറെ നിർമാണത്തിൽ മുഖ്യപങ്കുവഹിച്ച ഇട്ടി അച്യുതൻ വൈദ്യരുടെ ചേർത്തല കടക്കരപ്പള്ളിയിലെ സ്മൃതികുടീരത്തിൽനിന്ന് ആരംഭിച്ച പതാക ജാഥ ദലീമ ജോജോ എംഎൽഎ ഉദ്ഘാടനം ചെയ്തു. തുടർന്ന് ചേർത്തല, അരൂർ, ആലപ്പുഴ മണ്ഡലങ്ങളിലെ സ്കൂളുകളിൽനിന്നുള്ള സ്വീകരണങ്ങൾ ഏറ്റുവാങ്ങി വൈകിട്ട് ആലപ്പുഴ മുനിസിപ്പൽ ശതാബ്ദി മന്ദിരത്തിൽ സംഗമിച്ചു.

ഹരിത വിപ്ലവത്തിൻറെ നായകനായിരുന്ന കൃഷിശാസ്ത്രജ്ഞൻ എം.എസ്. സ്വാമിനാഥൻറെ മങ്കൊമ്പ് തറവാട് വീട്ടല!നിന്ന് ആരംഭിച്ച ദീപശിഖാ റാലി ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി അധ്യക്ഷ എം. വി. പ്രിയ ഉദ്ഘാടനം ചെയ്തു. ദീപശിഖാ റാലി കുട്ടനാട്, ഹരിപ്പാട്, അമ്പലപ്പുഴ മണ്ഡലങ്ങളിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി ശതാബ്ദി മന്ദിരത്തിൽ എത്തിച്ചേർന്നു.

ഇതോടൊപ്പം സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിൻറ് നേടുന്ന ജില്ലയ്ക്ക് ശാസ്ത്രമേള സംഘാടകസമിതി ഏർപ്പെടുത്തി പ്രത്യേകം രൂപകൽപ്പന ചെയ്ത എജ്യുക്കേഷൻ മിനിസ്റ്റേഴ്സ് ട്രോഫിയും വഹിച്ചുകൊണ്ടുള്ള വാഹന ഘോഷയാത്ര ഗവ. വിഎച്ച്എസ്എസ് മുളക്കുഴയിൽനിന്ന് ആരംഭിച്ചു.

വാഹനഘോഷയാത്ര എസ്ഐ ഇടി ഡയറക്ടർ ബി. അബുരാജ് ഉദ്ഘാടനം ചെയ്തു.

## ജെയ്ജോ ജോസഫ്- ഗോവ സർവകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗം



**കൊച്ചി:** ഗോവ സർവകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗമായി (സിൻഡിക്കേറ്റ് അംഗം) നാമനിർദ്ദേശം ചെയ്യപ്പെട്ട ജെയ്ജോ ജോസഫ്, ബംഗളൂരു നോർത്ത് യൂണിവേഴ്സിറ്റിയിൽ സിൻഡിക്കേറ്റ് അംഗമായും ജെയ്ജോ ജോസഫ് സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## അഷ്ടമുടിക്കായലിൽ വേളാപ്പാര വളർത്തൽ പരീക്ഷണ പദ്ധതി

**അഞ്ചാലുംമൂട്:** അഷ്ടമുടിക്കായലിൽ വേളാപ്പാരയെ വളർത്തിയെടുക്കാൻ പരീക്ഷണ പദ്ധതിയുമായി കേന്ദ്ര സമുദ്രജല മത്സ്യ ഗവേഷണ കേന്ദ്രം. ഐസിഎആർ സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം പ്രാദേശിക കേന്ദ്രത്തിൽ കൃത്രിമമായി ഉൽപാദിപ്പിച്ച വേളാപ്പാര മത്സ്യ കുഞ്ഞുങ്ങളെ അഷ്ടമുടിക്കായലിൽ കൂട് കൃഷിയിൽ വളർത്തുന്നതിനുള്ള പരീക്ഷണത്തിനാണ് തുടക്കം കുറിച്ചത്. ഇതിനായി അഷ്ടമുടി, പ്രാക്കുളം, തെക്കുംഭാഗം എന്നിവിടങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട 3 കൂട് മത്സ്യ കർഷകർക്ക് കുഞ്ഞുങ്ങളെ കൈമാറി.

ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഈ മത്സ്യത്തിന്റെ കൃത്രിമ പ്രജനനത്തിന്റെ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തത്. വിപണി മൂല്യമുള്ള ഈ മത്സ്യത്തിന്റെ കൃത്രിമ പ്രജനനത്തിനായുള്ള സാങ്കേതിക വിദ്യ ഇന്ത്യയെ കൂടാതെ ഫിലിപ്പീൻസ് മാത്രമേ വികസിപ്പിച്ചിട്ടുള്ളു എന്നും പൂർണമായും ഹാച്ചറിയിൽ ഉൽപാദിപ്പിച്ച വേളാപ്പാര മത്സ്യ കുഞ്ഞുങ്ങളെ കൃഷിക്കായി ഉപയോഗിക്കുന്നത് ലോകത്ത് ആദ്യമായാണ് അധികൃതർ പറഞ്ഞു.

ഒരു വർഷം കൊണ്ട് നല്ല വളർച്ചയിലെത്തുന്ന ഇനം മത്സ്യമാണ് വേളാപ്പാര. പരീക്ഷണം വിജയകരമാകുന്നതോടെ കൂടുതൽ ഇടങ്ങളിൽ വേളാപ്പാരയുടെ കുഞ്ഞുങ്ങളെ നിക്ഷേപിക്കാനാണ് ലക്ഷ്യമിടുന്നത്. മത്സ്യ കുഞ്ഞുങ്ങളെ കൂടുകളിൽ നിക്ഷേപിക്കുന്നതിന്റെ ഉദ്ഘാടനം അഷ്ടമുടിയിൽ മത്സ്യ കർഷകനായ കിരണിന്റെ മത്സ്യ കൃഷി സ്ഥലത്ത് നടന്നു.

ചടങ്ങിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.ഗ്രിൻസൺ ജോർജ്, മുൻ ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണൻ, മാരികൽചർ വിഭാഗം മുൻ മേധാവി ഡോ, ജി.ഗോപകുമാർ, മാരികൽചർ വിഭാഗം മേധാവി ഡോ.വി.ആർ.സുരേഷ് , ഓൾ ഇന്ത്യ നെറ്റ്വർക്ക് പ്രൊജക്റ്റ് മേധാവി ഡോ . ബോബി ഇഗ്നേഷ്യസ് ,വിഴിഞ്ഞം പ്രാദേശിക കേന്ദ്രം മേധാവി ഡോ.ബി.സന്തോഷ്, പ്രോജക്ട് ലീഡർ ഡോ.അംബരീഷ് പി ഗോപ്. പ്രോജക്ട് റിസർചർ മുഹമ്മദ് അൻസീർ എന്നിവർ പ്രസംഗിച്ചു. വിഴിഞ്ഞം കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ, ഉദ്യോഗസ്ഥർ മത്സ്യ കർഷകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




## കാഡ്സ് രജതജൂബിലി ആഘോഷത്തിന് തുടക്കം

**തൊടുപുഴ:** കേരള അഗ്രികൾച്ചറൽ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഒരുവർഷം നീളുന്ന രജത ജൂബിലിയാഘോഷങ്ങൾക്ക് തുടക്കമായി. പി.ജെ ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ജൂബിലി ദിവസം 25 കർഷകരോടൊപ്പം ചേർന്നാണ് അദ്ദേഹം പരിപാടി ഉദ്ഘാടനം ചെയ്തത്.

കാഡ്സ് രക്ഷാധികാരിയായിരുന്ന പി.കെ. കൃഷ്ണൻനായരുടെ ഫോട്ടോ അനാച്ഛാദനവും എംഎൽഎ നിർവഹിച്ചു. കാഡ്സ് പ്രസിഡന്റ് ആന്റണി കണ്ടിരിക്കൽ അധ്യക്ഷത വഹിച്ചു. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുര അനുഗ്രഹ പ്രഭാഷണം നടത്തി.

അഡ്വ. ജോസഫ് ജോൺ, പ്രഫ. എം.ജെ. ജേക്കബ്, പ്രഫ. ജോസഫ് അഗസ്റ്റിൻ, പ്രഫ. കെ.ഐ. ആന്റണി, സുരേഷ് ബാബു, ലീലാമ്മ ജോസ്, ബാബു പരമേശ്വരൻ, സുമതി നാരായണൻ നായർ, പി.എം. മാനുവൽ, എം.എസ്. നാരായണൻ നായർ, ആർ. ഹരി, എൻ.ജെ. മാമച്ചൻ, കെ.എം. മത്തച്ചൻ എന്നിവർ പ്രസംഗിച്ചു.



## ആന്തം ഓഫ് ദി സീസ് കൊച്ചിയിലെത്തി

**കൊച്ചി:** റോയൽ കരീബിയൻ ഗ്രൂപ്പിന്റെ ആഢംബര കപ്പലുകളിലൊന്നായ ആന്തം ഓഫ് ദി സീസ് കൊച്ചിയിലെത്തി. 4,800 യാത്രക്കാരുമായി കൊച്ചി തുറമുഖത്തെത്തിയ കപ്പൽ ഒരു ദിവസത്തെ കൊച്ചി സന്ദർശനം പൂർത്തിയാക്കി ഇന്നലെ രാത്രിയോടെ ശ്രീലങ്ക വഴി സിംഗപ്പൂരിലേക്ക് യാത്ര തിരിച്ചു. ദുബായിൽ നിന്ന് മുംബൈ വഴിയാണ് കപ്പൽ കൊച്ചിയിലെത്തിയത്. വിവിധ രാജ്യങ്ങളിൽ നിന്നായി കപ്പലിലെത്തിയ യാത്രക്കാർ കൊച്ചിയുടെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ചു.

മൊത്തം 4,905 അതിഥികളെ ഉൾക്കൊള്ളാവുന്നതാണ് കപ്പൽ. മുതിർന്നവർക്കുള്ള സോളാരിയം ഉൾക്കൊള്ളുന്ന ടോപ്പ് ഡെക്ക്, ഔട്ട്ഡോർ പൂൾ, പ്രവർത്തനക്ഷമമായ റൂഫ് സിസ്റ്റം ഉൾക്കൊള്ളുന്ന പുതിയ ഇൻഡോർ പൂൾ, എച്ച് 2 ഒ സോൺ, കിഡ്സ് അക്വാ പാർക്ക് എന്നിവ ഉൾക്കൊള്ളുന്ന 16 പാസഞ്ചർ ഡെക്കുകളാണ് ക്രൂയിസ് കപ്പലിലുള്ളത്. 40 അടി വലിപ്പമുള്ള ഒരു സർഫ് സിമുലേറ്റർ, ഡെക്കിൽ നിന്ന് 40 അടി ഉയരമുള്ള ഒരു റോക്ക് ക്ലൈംബിംഗ് മതിൽ, സ്പാ, കാസിനോ, 220 അടി വിസ്തീർണമുള്ള ഒരു ഔട്ട്ഡോർ മൂവി സ്ക്രീൻ. റീട്ടെയിൽ സ്പേസ്, മ്യൂസിക് ഹാൾ, എൻറർടെയിൻമെന്റ് കോംപ്ലക്സ് തുടങ്ങിയവയാണ് കപ്പലിലെ പ്രധാന ആകർഷണങ്ങൾ.

16 ഗസ്റ്റ് എലിവേറ്ററുകളും സജ്ജീകരിച്ചിട്ടുണ്ട്. 22 നോട്ട് സ്പീഡിൽ സഞ്ചരിക്കുന്ന കപ്പൽ മൂന്ന് ദിവസം കടലിൽ യാത്ര തുടരും. തുടർന്ന് തായ്ലൻഡിലെ പുക്കറ്റിലും പെനാങ്കിലും എത്തുന്ന കപ്പൽ 25ന് സിംഗപ്പൂരിലെത്തും. 1500 ക്രൂ അംഗങ്ങളെ ഉൾക്കൊള്ളുന്ന കപ്പലിന്റെ ഭാരം 168,666 ടൺ ആണ്.

## കൊച്ചി വിമാനത്താവളത്തിൽ ശബരിമല ഇടത്താവളം തുറന്നു

**നെടുമ്പാശേരി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ശബരിമല ഇടത്താവളം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. 5,000 ചതുരശ്ര അടി വിസ്തീർണത്തിൽ ആഭ്യന്തര ടെർമിനലിന്റെ ആഗമന ഭാഗത്ത് പോലീസ് എയ്ഡ് പോസ്റ്റിന് സമീപമാണ് ഇടത്താവളം ഒരുക്കിട്ടുള്ളത്. ഇതിനുള്ളിൽ വിമാന സർവീസുകൾ സംബന്ധിച്ച് വിവരങ്ങൾ അടങ്ങുന്ന ഡിസ്പ്ലേ സംവിധാനം സജ്ജമാക്കിട്ടുണ്ട്. ഫുഡ് കൗണ്ടർ, പ്രീപെയ്ഡ് ടാക്സി കൗണ്ടർ, ദേവസ്വം ബോർഡിന്റെ ഹെൽപ്പ് ഡെസ്ക്ക് എന്നിവയെല്ലാം ഇവിടെയുണ്ട് .



സിയാലിലെ 0484 എയ്റോലോഞ്ചിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യവും ലഭിക്കും. കഴിഞ്ഞവർഷം കൊച്ചി വിമാനത്താവളം വഴി 6,000 തീർഥാടകർ പോയിട്ടുണ്ടെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. ഈ തവണ തീർഥാടകരുടെ എണ്ണം ഏറെ വർധിക്കുമെന്നാണ് പ്രതീക്ഷ. ചടങ്ങിൽ സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ്, എംഎൽഎമാരായ അൻവർ സാദത്ത്, റോജി എം. ജോൺ, എയർപോർട്ട് ഡയറക്ടർ ജി. മനു എന്നിവർ പ്രസംഗിച്ചു. 0484 എയ്റോ ലോഞ്ചിന്റെ സൗകര്യങ്ങൾ 04843053484 എന്ന നമ്പറിലും 0484 reservation @ciasl.in എന്ന ഇമെയിൽ വഴിയും ബുക്ക് ചെയ്യാം.

## ക്രൈസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ഐഎസ്ടിഡി സ്റ്റുഡൻറ് ചാപ്റ്റർ ഉദ്ഘാടനം

**ഇരിങ്ങാലക്കുട:** ലീഡർഷിപ്പ് ട്രെയിനിംഗ് മേഖലയിലെ വിദഗ്ധരുടെ ദേശീയകൂട്ടായ്മയായ ഇന്ത്യൻ സൊസൈറ്റി ഫോർ ട്രെയ്നിംഗ് ആൻഡ് ഡെവലപ്മെന്റ് (ഐഎസ്ടിഡി) സ്റ്റുഡൻറ് ചാപ്റ്റർ ക്രൈസ്റ്റ് എൻജിനീയറിംഗ് കോളജിലെ ബിസിനസ് അഡ്മിനിസ്ട്രേഷൻ വിഭാഗത്തിൽ പ്രവർത്തനമാരംഭിച്ചു. ടിസിഎസ് വൈസ് പ്രസിഡന്റും ഐഎസ്ടിഡി കൊച്ചി ചാപ്റ്റർ ചെയർമാനുമായ ദിനേശ് പി. തമ്പി ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺ പാലിയേക്കര സിഎംഐ അധ്യക്ഷത വഹിച്ചു.



ഐഎസ്ടിഡി അംഗത്വം വഴി ട്രെയിനിംഗ്, മാനേജ്മെന്റ് മേഖലയിലെ ദേശീയ, അന്തർദേശീയ പരിപാടികളിൽ പങ്കെടുക്കാനും വിദഗ്ധരുമായി ആശയവിനിമയം നടത്താനും വിദ്യാർഥികൾക്ക് അവസരം ലഭിക്കും. ഐഎസ്ടിഡി വൈസ് ചെയർമാനും ഫിൻപ്രോവ് ലേണിംഗ് സിഇഒയുമായ ആനന്ദ്കുമാർ മുഖ്യപ്രഭാഷണം നടത്തി. അസിസ്റ്റന്റ് പ്രഫസർ എൽവ സെൽസൺ, സായി ഗണേഷ് എന്നിവർ പ്രസംഗിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഭാരതപ്പുഴയോരം പാർക്കിൻെറ നിർമാണം അവസാനഘട്ടത്തിൽ

**ഷൊർണൂർ:** ഭാരതപ്പുഴയോരം പാർക്ക് നിർമാണം അവസാന ഘട്ടത്തിൽ. ഒരു മാസത്തിനകം പാർക്ക് തുറന്നുകൊടുക്കും. രണ്ടാംഘട്ട പ്രവൃത്തികളാണ് പുരോഗമിക്കുന്നത്.പഴയകടവ് പാതയ്ക്കും ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള പട്ടാമ്പിപാലത്തിൻറെ കിഴക്കുഭാഗത്തുമുള്ള പുറമ്പോക്ക് ഭൂമിയും പ്രയോജനപ്പെടുത്തിയാണ് കാൽകിലോമീറ്റർ നീളത്തിലുള്ള പാർക്ക് നിർമിക്കുന്നത്. ആദ്യഘട്ടപണി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്.

പ്രവേശനകവാടം, ഇരുഭാഗത്തും സംരക്ഷണഭിത്തികൾ, പുഴ കാണാവുന്ന വിധത്തിൽ പുഴയോരഭിത്തിയിൽ കൈവരികൾ, 240 മീറ്റർ നീളത്തിലുള്ള നടപ്പാത എന്നിവയെല്ലാം നിർമിച്ചുകഴിഞ്ഞു. മുഹമ്മദ് മുഹ്സിൻ എംഎൽഎയുടെ പ്രാദേശികവികസന ഫണ്ടിൽനിന്നുള്ള 90 ലക്ഷം രൂപയ്ക്കാണ് ആദ്യഘട്ടപ്രവർത്തനം നടത്തിയത്.

രണ്ടാംഘട്ട പ്രവൃത്തിക്ക് എംഎൽഎ ഫണ്ടിൽനിന്ന് 50 ലക്ഷം രൂപകൂടി അനുവദിച്ചിട്ടുണ്ട്. ഇരിപ്പിടങ്ങൾ, തുറന്ന ജിംനേഷ്യം, കുട്ടികൾക്ക് കളിക്കാനും വിനോദത്തിനുമുള്ള ഉപകരണങ്ങൾ, ഓപ്പൺ തീയറ്റർ, വായനയ്ക്കുള്ള സൗകര്യം, വാട്ടർ ഫൗണ്ടേൻ തുടങ്ങിയവയാണ് ഉൾപ്പെട്ടിട്ടുള്ളത്.

താലൂക്കാസ്ഥാനമായ പട്ടാമ്പിയിലോ പരിസരത്തോ ജനങ്ങൾക്ക് ഒഴിവുസമയം ചെലവഴിക്കാൻ പൊതുയിടമില്ലെന്ന തിരിച്ചറിവിൽനിന്നാണ് നിളയോരത്ത് പാർക്കെന്ന ആശയം ഉടലെടുത്തത്.

ആദ്യപടിയായി കൈയേറ്റമൊഴിപ്പിച്ച് സ്ഥലം കണ്ടെത്തി. പട്ടാമ്പിയുടെ പ്രദേശിക വിനോദസഞ്ചാര പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിലാണ് പാർക്ക് നിർമിക്കുന്നത്. പദ്ധതിയുടെ ഭാഗമായി പട്ടാമ്പിയുടെ ഹൃദയഭാഗത്തുള്ള സെൻട്രൽ ഓർച്ചാഡിനെ ഫാംടൂറിസത്തിന് പാകപ്പെടുത്തിയും ഫാം സ്കൂൾ എന്ന നൂതന ആശയത്തിൻറെ സാധ്യതകളെ ഉപയോഗപ്പെടുത്തിയും നവീകരിക്കാനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്.

പാർക്കിൻറെ നിർമാണം വിലയിരുത്തുന്നതിനായി മുഹമ്മദ് മുഹ്സിൻ എം.എൽ.എ., നഗരസഭാധ്യക്ഷ ഒ. ലക്ഷ്മിക്കുട്ടി, സ്ഥിരം സമിതി അധ്യക്ഷൻ വിജയകുമാർ തുടങ്ങിയവർ സ്ഥലംസന്ദർശിച്ചു.

# ഫോർട്ട് കൊച്ചി വൈപ്പിൻ റൂട്ടിൽ വരുന്നു, മൂന്നാം റോ റോ ജങ്കാർ; നിർമാണം ഉടൻ, ചെലവ് 14.9 കോടി

**കൊച്ചി:** ഫോർട്ട് കൊച്ചി വൈപ്പിൻ റൂട്ടിൽ നഗരസഭയുടെ മൂന്നാം റോ റോ ജങ്കാറിന്റെ നിർമാണത്തിനു ധാരണാ പത്രം ഒപ്പുവച്ചു. നിർമാണം ഉടൻ ആരംഭിക്കും. ജിഎസ്ടി ഉൾപ്പെടെ 14.9 കോടി രൂപയാണു റോറോ നിർമാണത്തിനു നഗരസഭയ്ക്കു ചെലവ്. കൊച്ചി സ്മാർട് മിഷൻ ലിമിറ്റഡിന്റെ സഹായത്തോടെയാണു നിർമാണം. 18 മാസം കൊണ്ടു റോ റോ കൈമാറണമെന്നാണു കരാറെങ്കിലും 6 മാസം മുൻപേ എങ്കിലും നിർമിച്ചു കൈമാറണമെന്നു മേയർ എം.അനിൽകുമാർ അഭ്യർഥിച്ചു.



കപ്പൽശാല ചെയർമാൻ മധു എസ്. നായർ അഭ്യർഥന അംഗീകരിച്ചു. നിലവിലെ രണ്ടു റോറോകളും ശബ്ദ മലിനീകരണം ഉണ്ടാക്കുന്നുവെന്ന പരാതി പുതിയ റോറോയുടെ നിർമാണത്തിൽ പരിഹരിക്കും. ഫോർട്ട് കൊച്ചി ടൂറിസം മേഖലയിലുള്ളവർ ഇതു സംബന്ധിച്ചു പരാതി അറിയിച്ചിരുന്നു. മൂന്നാം റോറോ വരുന്നതോടെ, തടസ്സമില്ലാതെ സർവീസ് നടത്താൻ കഴിയും. നിലവിൽ ഏതെങ്കിലും റോറോ തകരാറിലായാൽ വൻ ഗതാഗതക്കുരുക്കാണ് ഇവിടെയുണ്ടാവുന്നത്.

കപ്പൽശാലയിൽ നടന്ന ചടങ്ങിൽ കൊച്ചി മേയർ എം.അനിൽകുമാർ, കപ്പൽശാല ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ മധു.എസ്.നായർ, ടെക്നിക്കൽ ഡയറക്ടർ ബിജോയ് ഭാസ്കർ, ഫിനാൻസ് ഡയറക്ടർ ജോസ്, നഗരസഭ എക്സിക്യൂട്ടീവ് എൻജിനീയർ അമ്പിളി, കപ്പൽശാല ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. നഗരസഭയ്ക്കു വേണ്ടി, അഡീഷനൽ സെക്രട്ടറി ഷിബു, കപ്പൽശാലയ്ക്കു വേണ്ടി ഡയറക്ടർ ഓഫ് ഓപ്പറേഷൻസ് ശ്രീജിത്ത് കെ. നാരായണൻ എന്നിവർ കരാറിൽ ഒപ്പുവച്ചു.

# കാക്കനാട് ഉദ്യാന പാർക്ക്; 80 ലക്ഷത്തിന്റെ പദ്ധതിക്ക് അംഗീകാരം ഉടൻ

**കാക്കനാട്:** വായനയ്ക്കും വിനോദത്തിനുമായി കലക്ടറേറ്റിനു സമീപം 10 വർഷം മുൻപ് നഗരസഭ സ്ഥാപിച്ച ഉദ്യാനപാർക്കിന് ഉടൻ മോടികൂടും. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്ക്കരിച്ച 80 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് ഈ മാസം അനുമതി ലഭിക്കും. ഇതുൾപ്പെടെയുള്ള പദ്ധതികൾ പരിഗണിക്കാൻ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള വിദഗ്ധ സമിതിയാണ് യോഗം ചേരുന്നത്. അമൃത് പദ്ധതിക്ക് കേന്ദ്രാനുമതി നേരത്തെ ലഭിച്ചിരുന്നു. പാർക്ക് നവീകരണത്തിനുള്ള ഫണ്ടിന്റെ 50 ശതമാനം വിഹിതം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. 37.5 ശതമാനം തുക സംസ്ഥാന സർക്കാരും 12.5 ശതമാനം നഗരസഭയും ചെലവഴിക്കും.

താൽക്കാലിക എസ്റ്റിമേറ്റ് നഗരസഭ തയാറാക്കിയിട്ടുണ്ട്. സർക്കാർ അനുമതി ലഭിച്ച ശേഷം ആവശ്യമെങ്കിൽ തനത് ഫണ്ടിൽ നിന്ന് കൂടുതൽ തുക ഉൾപ്പെടുത്തി വികസന പദ്ധതി വിപുലീകരിക്കാനും നഗരസഭ ആലോചിക്കുന്നു. ഇൻഫോപാർക്ക് റോഡിൽ ഐഎംജി ഗാന്ധി സ്ക്വയറിനു സമീപമാണു നഗരസഭയുടെ ഉദ്യാനപാർക്ക്. ഇതിനോടു ചേർന്ന് ഉദ്യാന ലൈബ്രറിയും ഒരുക്കിയിട്ടുണ്ട്.

ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങളെടുത്ത് പാർക്കിലെ ഉദ്യാനത്തിൽ ഇരുന്നു വായിക്കാനാകും. ഭക്ഷണശാലയും സ്വിമ്മിങ്പൂളും ഉൾപ്പെടെയുള്ള വികസനം പ്രഖ്യാപിച്ചിരുന്നെങ്കിലും നടപ്പായില്ല. കുടുംബസമേതം എത്തുന്നവർക്ക് വിനോദത്തിൽ ഏർപ്പെടാനാകും വിധം ക്രമീകരണങ്ങളും ലക്ഷ്യം വച്ചിരുന്നു. പാർക്കിന്റെ നടത്തിപ്പിനുള്ള പണം കണ്ടെത്താനാണ് ഭക്ഷണശാലയും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നത്.



# പീച്ചി ഡാമിൽ കുട്ടവഞ്ചി സവാരി തുടങ്ങി; 20 മിനിറ്റ് യാത്രയ്ക്കു 400 രൂപ നിരക്ക്

**പീച്ചി:** ഡാമിൽ കുട്ടവഞ്ചി സവാരി മന്ത്രി കെ.രാജൻ ഉദ്ഘാടനം ചെയ്തു. കുട്ടവഞ്ചിയിൽ സഞ്ചരിച്ചായിരുന്നു ഉദ്ഘാടനം . ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്.പ്രിൻസ് അധ്യക്ഷത വഹിച്ചു. വനംവകുപ്പിനു കീഴിലെ പീച്ചി വനവികസന ഏജൻസിയുടെ നേതൃത്വത്തിൽ ചിമ്മിനിയിലാരംഭിച്ച കുട്ടവഞ്ചി പദ്ധതിയുടെ മാതൃകയിലാണു പീച്ചിയിൽ കുട്ടവഞ്ചി സവാരി ആരംഭിച്ചത്. പീച്ചി വനത്തിൽ ശീതൾ ഭാഗത്തു നിന്ന് ആരംഭിച്ചു വള്ളിക്കയം വരെ വനയാത്രയും തുടർന്നു വള്ളിക്കയത്തു കുട്ടവഞ്ചി സഞ്ചാരവുമാണ് ഒരുക്കിയിട്ടുള്ളത്. 20 മിനിറ്റ് യാത്രയ്ക്കു 400 രൂപയാണു നിരക്ക്. 4 പേർക്ക് സഞ്ചരിക്കാം. 40 മിനിറ്റിന് 800 രൂപയും ആനത്താര വരെയുള്ള യാത്രയ്ക്കു 900 രൂപയുമാണു നിരക്കുകൾ.

വിദഗ്ധരായ തുഴച്ചിലുകാരും കുട്ടവഞ്ചിയിൽ ഉണ്ടാവും. പീച്ചി വനത്തിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ ട്രക്കിങ് നേരത്തെ ആരംഭിച്ചിരുന്നു. കുട്ടവഞ്ചി ടൂറിസം ആരംഭിക്കുന്നതോടെ പീച്ചിയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുമെന്നാണു പ്രതീക്ഷയെന്നും മന്ത്രി പറഞ്ഞു. പാണഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് പി.പി.രവീന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.കെ.രമേഷ്, പ!ഞ്ചായത്ത് അംഗങ്ങളായ ബാബു തോമസ്, സ്വപ്ന രാധാക!ൃഷ്ണൻ, സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡോ.ആർ.ആടലരസൻ, കെഎഫ്ആർഐ ഡയറക്ടർ കെ.ബാലശങ്കർ, പീച്ചി വൈൽഡ് ലൈഫ് വാർഡൻ വി.ജി.അനിൽകുമാർ, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ സുമു സ്കറിയ എന്നിവർ പ്രസംഗിച്ചു.

# ദേശീയ സമ്മർ ഐസ്സ്റ്റോക്ക് ചാംപ്യൻഷിപ്പ്: കേരള ടീമിന് വെള്ളി

**കൊച്ചി:** ജമ്മു കശ്മീരിൽ നടന്ന മൂന്നാമത് ദേശീയ സമ്മർ ഐസ്സ്റ്റോക്ക് ചാംപ്യൻഷിപ്പിൽ വെള്ളി മെഡൽ സ്വന്തമാക്കി കേരള ടീം. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിലെ ഒന്നാം വർഷ ബിബിഎ വിദ്യാർഥി എസ്.എസ്.ഷബാസ് ഷാ ഉൾപ്പെട്ട ടീമാണ് ശ്രീനഗറിലെ അൽ ഷേർ കശ്മീർ സ്പോർട്സ് കോംപ്ലക്സിൽ നടന്ന മൽസരത്തിന്റെ യൂത്ത് വിഭാഗത്തിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കി കേരളത്തിന്റെ അഭിമാനമായി മാറിയത്. തിരുവനന്തപുരം കോരാണിയിലെ നെല്ലുവിളമുക്ക് സ്വദേശിയായ ഷാബു,ഷിബിന ദമ്പതികളുടെ മകനാണ് എസ്.എസ്.ഷബാസ് ഷാ. കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലെ മമ്പാട് എം.ഇ.എസ് കോളജിലെ എ.എസ് നിവേദ്, നിലമ്പൂർ അമൽ കോളജിലെ വിദ്യാർഥികളായ മുഹമ്മദ് ബാസിൽ, ഫാഹിന് ഹുവൈഡ് എന്നിവരും യൂത്ത് വിഭാഗത്തിൽ മൽസരിച്ച കേരള ടീമിൽ അംഗങ്ങളായിരുന്നു. അൽപം ഭാരമുള്ള പ്രത്യേക ആകൃതിയിൽ തയ്യാറാക്കിയ ലോഹക്കഷണം ഐസിലൂടെ ലക്ഷ്യസ്ഥാനത്തേയ്ക്ക് കൃത്യമായി എറിഞ്ഞ് എത്തിക്കുന്ന തരത്തിലാണ് ഐസ് സ്റ്റോക്ക് എന്ന മത്സരം പുരോഗമിക്കുന്നത്. വിവിധ റൗണ്ടുകളിലൂടെ പുരോഗമിക്കുന്ന മത്സരത്തിൽ പോയിന്റ് അടിസ്ഥാനത്തിലാണ് വിജയികളെ തീരുമാനിക്കുന്നത്. ഇന്ത്യയുടെ ഖേലോ ഇന്ത്യ വിന്റർ ഗെയിംസ് പ്രോഗ്രാമിലെ ഒരു പരിപാടി കൂടിയാണ് ഐസ് സ്റ്റോക്ക്. ഒളിംപിക്സ് മൽസര ഇനവുമാണ് ഈ കായികവിനോദം. മികച്ച പരിശീലനത്തിലൂടെ കേരളത്തിനായി കൂടുതൽ നേട്ടങ്ങൾ കൈയ്യെത്തി പിടിക്കാനുള്ള ആഗ്രഹമുണ്ടെന്ന് എസ്.എസ്.ഷബാസ് ഷാ പറഞ്ഞു.




# ചക്കുളത്തുകാവിൽ പൊങ്കാല ഡിസംബർ 13 ന്

**കൊച്ചി:** ചക്കുളത്തുകാവിൽ ശ്രീ ഭഗവതി ക്ഷേത്രത്തിലെ പൊങ്കാലയുടെ വരവറിയിച്ചു പ്രധാന ചടങ്ങായ കാർത്തിക സ്തംഭം ഡിസംബർ 08 ഞായറാഴ്ച ഉയരും. ലക്ഷക്കണക്കിന് ഭക്തജനങ്ങൾ വ്രതാനുഷ്ഠാനത്തോടെ എത്തുന്ന ദക്ഷിണേന്ത്യയിലെ പ്രമുഖ സർവ്വമത തീർത്ഥാടന കേന്ദ്രമായ ചക്കുളത്തുകാവിൽ പൊങ്കാല ഡിസംബർ 13 ന് നടക്കും.

പുലർച്ചെ 4 ന് നിർമ്മാല്യദർശനവും അഷ്ടദ്രവ്യ മഹാഗണപതി ഹോമവും 9 ന് വിളിച്ചു ചൊല്ലി പ്രാർഥനയും തുടർന്ന് ക്ഷേത്ര ശ്രീകോവിലിലെ കെടാവിള ക്കിൽ നിന്നും ട്രസ്റ്റ് പ്രസിഡന്റും മുഖ്യകാര്യദർശിയായ രാധാകൃഷ്ണൻ നമ്പൂതിരി പകരുന്ന തിരിയിൽ പണ്ടാര പൊങ്കാല അടുപ്പിലേക്ക് അഗ്നി പ്രോജ്വലിപ്പിച്ചുകൊണ്ട് പൊങ്കാലയ്ക്ക് തുടക്കം കുറിക്കും. ക്ഷേത്ര കാര്യദർശി മണിക്കുട്ടൻ നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന സംഗമത്തിൽ കേന്ദ്ര ടൂറിസം, പെട്രോളിയം & പ്രകൃതിവാതകം കേന്ദ്രസഹമന്ത്രി സുരേഷ് ഗോപിയും, സഹധർമ്മിണി രാധിക സുരേഷ് ഗോപിയും പൊങ്കാലയുടെ ഉദ്ഘാടനം നിർവഹിക്കും, ആർസി ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാനും സമൂഹിക പ്രവർത്തകനുമായ റെജി ചെറിയാൻ മുഖ്യാതിഥിയായിരിക്കും. ക്ഷേത്ര മേൽശാന്തി അശോകൻ നമ്പൂതിരിയുടെ കാർമ്മിക നേതൃത്വത്തിൽ ട്രസ്റ്റിമാരായ രഞ്ജിത്ത് ബി നമ്പൂതിരി, ദുർഗ്ഗാദത്തൻ നമ്പൂതിരി എന്നിവരുടെ ആഭിമുഖ്യത്തിൽ പൊങ്കാല സമർപ്പണ ചടങ്ങുകൾ നടക്കും.11 ന് 500 ൽ അധികം വേദ പണ്ഡിതൻമാരുടെ മുഖ്യ കാർമ്മികത്വത്തിൽ ദേവിയെ 51 ജീവതകളിലായി എഴുന്നള്ളിച്ച് ഭക്തർ തയ്യാറാക്കിയ പൊങ്കാല നേദിക്കും. പൊങ്കാല നേദ്യത്തിനു ശേഷം ദിവ്യാ അഭിഷേകവും ഉച്ച ദീപാരാധനയും നടക്കും.വൈകിട്ട് 5 ന് നടക്കുന്ന സാംസ്ക്കാരിക സമ്മേളനത്തിന് ക്ഷേത്ര കാര്യദർശി മണിക്കുട്ടൻ നമ്പൂതിരി ഭദ്രദീപം തെളിയിക്കും. മന്ത്രി ശ്രീ. കെ.ബി. ഗണേഷ്കുമാർ സമ്മേളനം ഉദ്ഘാടനം ചെയ്യും.കുട്ടനാട് എം.എൽ എ തോമസ് കെ. തോമസ് അധ്യക്ഷത വഹിക്കും. . മാവേലിക്കര എം.പി. കൊടിക്കുന്നിൽ സുരേഷ് മുഖ്യാതിഥിയായിരിക്കും. ക്ഷേത്ര മേൽശാന്തി അശോകൻ നമ്പൂതിരി മംഗളാരതി സമർപ്പിക്കുകയും വെസ്റ്റ് ബംഗാൾ ഗവർണ്ണർ ഡോ.സി.വി ആനന്ദബോസ് കാർത്തിക സ്തംഭത്തിൽ അഗ്നി പ്രോജ്വലിപ്പിക്കുന്ന ചടങ്ങുകളും നിർവഹിക്കും.

# പ്രമേഹരോഗ നിയന്ത്രണത്തിൽ ആയുർവേദ ഇടപെടൽ അനിവാര്യം

**കൊച്ചി:** പ്രമേഹരോഗ നിയന്ത്രണത്തിന് ആയുർവേദ ജീവിത ശൈലിയുടെയും ചികിത്സയുടെയും സമഗ്രമായ ഇടപെടൽ അനിവാര്യമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മനോജ് മൂത്തേടൻ പറഞ്ഞു. കച്ചേരിപ്പടിയിലെ ജില്ലാ ആയുർവേദ ആശുപത്രിയിൽ ലോക പ്രമേഹ ദിനാചരണത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വീര്യം കൂടിയ മരുന്നുകൾ ദീർഘനാൾ ഉപയോഗിക്കേണ്ടിവരുന്നത് മറ്റു ജീവിതശൈലീ രോഗങ്ങൾക്കും കാരണമാകുന്നതായി മുഖ്യാതിഥിയായി പങ്കെടുത്ത ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൽസി ജോർജ് പറഞ്ഞു.

ചീഫ് മെഡിക്കൽ ഓഫീസർ ഡോ ഷർമദ് ഖാൻ അദ്ധ്യക്ഷത വഹിച്ചു, ഡോ. ആർ. ശ്രീലേഖ, ഡോ.നിരഞ്ജന ,ഡോ.ലക്ഷ്മി, ഡോ. ബിഞ്ചു എന്നിവർ ബോധവൽക്കരണ ക്ലാസ്സെടുത്തു. ലോക പ്രമേഹ ദിനത്തോടനുബന്ധിച്ച് എറണാകുളം ജില്ലാ ആയുർവേദ ആശുപത്രി കേന്ദ്രീകരിച്ച് പ്രമേഹസംബന്ധിയായ വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

പോസ്റ്റർ പ്രദർശനവും പ്രമേഹ രോഗികൾക്ക് അനുയോജ്യമായ ആരോഗ്യകരമായ ഭക്ഷണത്തിന്റെ പരിചയപ്പെടുത്തലും വിതരണവും നടന്നു. പ്രമേഹംകാരണമുള്ള നേത്രസംബന്ധിയായ ഉപദ്രവരോഗങ്ങളെ കുറിച്ചും അതിൽ ആയുർവേദത്തിനുള്ള സാധ്യതകളെയും അടിസ്ഥാനപ്പെടുത്തി ജില്ലാ ആശുപത്രിയിലെ നേത്ര വിഭാഗം ജീവനക്കാർ പൊതുജന ബോധവൽക്കരണാർത്ഥം ഡോ.ശ്രീവിദ്യയുടേയും ഡോ. സുമിത സി പ്രകാശിന്റേയും നേതൃത്വത്തിൽ ലഘു നാടകം അവതരിപ്പിച്ചു.

## മലമ്പുഴ ഡാം സീ പ്ലെയ്നുകൾക്ക് അനുയോജ്യമായ സ്ഥലം: മന്ത്രി

**പാലക്കാട്:** മലമ്പുഴ ഡാം സീ പ്ലെയ്നുകൾക്ക് ഏറ്റവും അനുയോജ്യമായ ഇടമാണെന്നു മന്ത്രി പി.എ.മുഹമ്മദ് റിയാസ് പറഞ്ഞു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയിൽ നടന്ന 'പാലക്കാടിന്റെ വിനോദസഞ്ചാര സാധ്യതകൾ' എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു റിയാസ് . പൈതൃക ടൂറിസം, സാംസ്കാരിക ടൂറിസം, സിനിമ ടൂറിസം, ഫാം ടൂറിസം, തീർഥാടന ടൂറിസം എന്നിങ്ങനെ ഒട്ടേറെ വൈവിധ്യങ്ങളായ വിനോദസഞ്ചാര സാധ്യതകൾ ഉള്ള ജില്ലയാണ് പാലക്കാട്. നഗരഹൃദയത്തിൽ കോട്ടയുള്ള ലോകത്തെ തന്നെ അപൂർവമായ സ്ഥലമാണ് പാലക്കാട്. ഇതിനു സമീപമുള്ള പാർക്കുകളുടെ നവീകരണം കൂടി നടത്തി വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്ന രീതിയിലേക്കു പദ്ധതികൾ ഇവിടെ നടപ്പാക്കാൻ കഴിയും.

കൽപാത്തിയെ ലോകപ്രസിദ്ധ തീർഥാടന കേന്ദ്രമാക്കി ടൂറിസം പദ്ധതികൾ നടപ്പാക്കാൻ കഴിയും. പാലക്കാട്ടെ ടൂറിസം മേഖലയുടെ വികസനത്തിൽ വലിയ പ്രാധാന്യം നൽകിയാണ് സർക്കാർ മുന്നോട്ടു പോകുന്നതെന്നും മന്ത്രി പറഞ്ഞു. ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ടി.ആർ.അജയൻ അധ്യക്ഷത വഹിച്ചു. ഡോ.തോമസ് ജോർജ് വിഷയാവതരണം നടത്തി. ടി.കെ.നാരായണദാസ്, സി.സോമശേഖരൻ, ജ്യോതിബായ് പരിയാടത്ത്, രാമചന്ദ്രമേനോൻ, മോഹൻ മേനോൻ തുടങ്ങിയവർ പ്രസംഗിച്ചു.

## വിനോദ സഞ്ചാരികൾക്ക് ഇപാസ് നിർബന്ധമാക്കി വീണ്ടും ഹൈക്കോടതി

**ഗൂഡല്ലൂർ:** വിനോദസഞ്ചാരകേന്ദ്രങ്ങളായ നീലഗിരി, കൊടൈക്കനാൽ ജില്ലകളിൽ വിനോദ സഞ്ചാരികൾക്ക് ഇപാസ് നിർബന്ധമാക്കി വീണ്ടും ചെന്നൈ ഹൈക്കോടതി.

ഇപാസ് ഇല്ലാത്ത വാഹനങ്ങൾക്ക് പ്രവേശനം അനുവദിക്കരുതെന്ന് ഹൈക്കോടതി ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകി. ടൂറിസ്റ്റ് വാഹനങ്ങളുടെ ആധിക്യം കാരണം നീലഗിരിയിൽ ഊട്ടി, കുന്നൂർ, ഗൂഡല്ലൂർ തുടങ്ങിയ നഗരങ്ങളിൽ ഗതാഗത പ്രശ്നം രൂക്ഷമാണ്. കൊടൈക്കനാലിലും വ്യത്യസ്തമല്ല സ്ഥിതി. ഈ പശ്ചാത്തലത്തിലാണ് ഹൈക്കോടതി നിർദേശം. ഇപാസ് സംബന്ധിച്ച് ജില്ലാ ഭരണകൂടങ്ങൾ നൽകിയ റിപ്പോർട്ടുകൾ തൃപ്തികരമല്ലെന്ന് കോടതി നിരീക്ഷിച്ചു. കഴിഞ്ഞ മെയ് മുതലാണ് ഹൈക്കോടതി ഉത്തരവ് പ്രകാരം ജില്ലയിൽ ഇപാസ് സംവിധാനം ഏർപ്പെടുത്തിയത്. ഇത് നീലഗിരിയിലേക്കുള്ള സഞ്ചാരികളുടെ വരവിനെ ബാധിച്ചിരുന്നു.

## അഗസ്ത്യമലൈ ബാംബൂടെയ്ൽ; അപൂർവയിനം തുമ്പിയെ കണ്ടെത്തി




**കൊച്ചി:** കേരളത്തിലെ പശ്ചിമഘട്ട മലനിരകളിൽ പുതിയ ഇനം തുമ്പിയെ കണ്ടെത്തി. പൂനെയിലെ എംഐടി, വേൾഡ് പീസ് യൂണിവേഴ്സിറ്റി, തൃശൂർ ക്രൈസ്റ്റ് കോളേജ് എന്നിവിടങ്ങളിലെ ഗവേഷകർ ഉൾപ്പെട്ട സംഘമാണ് തിരുവനന്തപുരം പേപ്പാറ വന്യജീവി സങ്കേതത്തിന് അടുത്തുള്ള മഞ്ചാടിന്നിവിളയിൽ നിന്ന് അപൂർവ ഇനം തുമ്പിയെ കണ്ടെത്തിയത്. 'അഗസ്ത്യമലൈ ബാംബൂടെയ്ൽ'എന്നാണ് തുമ്പിക്ക് പേരിട്ടിരിക്കുന്നത്.മുഖ്യ ഗവേഷകൻ വിവേക് ചന്ദ്രനെ കൂടാതെ. പൂനെയിലെ എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റിയിലെ ഡോ. പങ്കജ് കോപാർഡെ, അജൂഷ് പൈറ, സൊസൈറ്റി ഫോർ ഒഡോണേറ്റ് സ്റ്റഡീസിലെ റെജി ചന്ദ്രൻ, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ വിവേക് ചന്ദ്രൻ, ഡോ.സുബിൻ കെ. എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. കൂർഗ്വയനാട് മേഖലയിൽ കാണപ്പെടുന്ന ഈ ജനുസ്സിലെ അറിയപ്പെടുന്ന ഒരേയൊരു ഇനമായ മലബാർ ബാംബൂടെയ്ലുമായി (മെലനോണിയുറ ബിലിനേറ്റ) പുതുതായി കണ്ടെത്തിയ ഇനത്തിന് അടുത്ത സാമ്യമുണ്ടെന്ന് ഗവേഷകസംഘം പറഞ്ഞു. തുമ്പിക്ക് മുളം തണ്ടിനോട് സാമ്യമുള്ള നീണ്ട സിലിണ്ടർ ആകൃതിയിലുള്ള ഉദരം ഉള്ളതിനാലാണ് ഈ പേരിട്ടതെന്ന് സംഘം അറിയിച്ചു. മലബാർ ബാംബൂടൈൽ മാത്രമുണ്ടായിരുന്ന മെലനോണിയുറ ജനുസ്സിലേക്ക് രണ്ടാമത്തെ ഇനമായാണ് അഗസ്ത്യമല ബാംബൂടെയ്ൽ എത്തിയിരിക്കുന്നത്.

# അമൃത ആശുപത്രിയിൽ ടെലിമെഡിസിൻ പദ്ധതികൾക്ക് തുടക്കം

**കൊച്ചി:** അമൃത ആശുപത്രിയുടെ ടെലിമെഡിസിൻ സേവനങ്ങൾ കൂടുതൽ രോഗികളിലേക്കെത്തിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതികളുടെ ഉദ്ഘാടനം അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ നിർവഹിച്ചു. ഐ.സി.എം.ആർ സഹകരണത്തോടെ കേരളത്തിലും ആസാമിലും നൽകിവരുന്ന 'ടെലിസ്ട്രോക് ' സേവനം നാഗാലാൻഡിലേക്കും അരുണാചൽ പ്രദേശിലേക്കും വ്യാപിപ്പിക്കും.അപസ്മാരരോഗികളുടെ നിരീക്ഷണത്തിനും പരിചരണത്തിനുമായുള്ള 'ടെലിഎപിലെപ്സി' പദ്ധതി രാജ്യത്തെ വിദൂര പ്രദേശങ്ങളിലുള്ള അപസ്മാര രോഗികൾക്ക് പ്രയോജനപ്പെടും.ഗ്രാമീണ, ആദിവാസി മേഖലകളിലെ ശ്വാസകോശ രോഗികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി ടെലിമെഡിസിൻ കണക്റ്റിവിറ്റി വിപുലമാക്കും.വായിലെ ക്യാൻസർ രോഗനിർണയത്തിനും ഭക്ഷണം ഇറക്കാൻ ബുദ്ധിമുട്ട് നേരിടുന്നവരുടെ ചികിത്സക്കും ടെലിമെഡിസിൻ പദ്ധതികൾ പ്രഖ്യാപിച്ചു.ഡോ. ഡി.എം. വാസുദേവൻ, പത്മശ്രീ ഡോ.ഡി.ഡി.സഗ്ദിയോ, ഡോ. ആനന്ദ് കുമാർ, ഡോ. സുബ്രഹ്മണ്യ അയ്യർ, ഡോ.വിവേക് നമ്പ്യാർ, ഡോ. സിബി ഗോപിനാഥ്, ഡോ. എസ് രാഘവൻ,ഡോ. സഞ്ജീവ് വാസുദേവൻ, ഡോ.വിവേക് വർമ്മ, ഡോ.ടോണി എബ്രഹാം, ഡോ. നാരായണൻ വി, രജീഷ് എം.വി എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# പരിസ്ഥിതി: ഇരട്ട അനുമതിയിൽ നിന്ന് വ്യവസായങ്ങളെ ഒഴിവാക്കുന്നു

**ന്യൂഡൽഹി :**പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനായി പാരിസ്ഥിതിക അനുമതി , സ്ഥാപിക്കുന്നതിനുള്ള അനുമതി എന്നീ രണ്ട് മാനദണ്ഡങ്ങൾ നേടിയിരിക്കണം എന്ന വ്യവസ്ഥ നീക്കം ചെയ്യണമെന്ന വ്യവസായ സമൂഹത്തിന്റെ ദീർഘകാല ആവശ്യം കേന്ദ്രഗവൺമെന്റ് അംഗീകരിച്ചു. ഇനി മുതൽ മലിനീകരണം ഉണ്ടാക്കാത്ത വൈറ്റ് കാറ്റഗറി വ്യവസായങ്ങൾക്ക് പ്രവർത്തന അനുമതി എടുക്കേണ്ട ആവശ്യമില്ല. പാരിസ്ഥിതിക അനുമതി ലഭിച്ച വ്യവസായങ്ങൾക്ക്, സ്ഥാപിക്കുന്നതിനുള്ള അനുമതി ( സി ടി ഇ ) എടുക്കേണ്ട ആവശ്യവുമില്ല. ഇത് നിർവഹണ നടപടികളുടെ ഭാരം കുറയ്ക്കുക മാത്രമല്ല, ഇരട്ട അനുമതി നേടൽ ഒഴിവാക്കുകയും ചെയ്യും . വായു നിയമം, ജല നിയമം എന്നിവ പ്രകാരം കേന്ദ്ര പരിസ്ഥിതി, വനം& കാലാവസ്ഥ വ്യതിയാന മന്ത്രാലയം ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചു.ഈ രണ്ട് അനുമതികളെയും പുതിയ വിജ്ഞാപനം ഫലപ്രദമായി സമന്വയിപ്പിക്കുന്നു. സിടിഇ പ്രക്രിയയിൽ പരിഗണിക്കുന്ന പ്രശ്നങ്ങൾ, പാരിസ്ഥിതിക അനുമതിക്കായി പരിഗണിക്കുമ്പോൾ തന്നെ കണക്കിലെടുക്കുന്നതിനായി ഒരു നടപടിക്രമവും ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. പരിസ്ഥിതിക അനുമതി നൽകുന്ന പ്രക്രിയയിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളോട് കൂടിയാലോചിക്കും. കൂടാതെ, സംസ്ഥാനങ്ങൾക്ക് വരുമാന നഷ്ടം ഉണ്ടാകാതിരിക്കാൻ വ്യവസായ സംരംഭങ്ങൾ സി ടി ഇ ഫീസ് നൽകുകയും ചെയ്യണം.

# കാഴ്ചയും മനസും നിറച്ച് ഇൻഫോപാർക്ക് ഫോട്ടോ പ്രദർശനം

**കൊച്ചി:** മലയണ്ണാൻ മുതൽ പുള്ളിപ്പുലി വരെ, മുടിയേറ്റ് മുതൽ വള്ളം കളി വരെ..ഇൻഫോപാർക്കിൽ ഒരുക്കിയിട്ടുള്ള ഐടി ജീവനക്കാരുടെ ഫോട്ടോഗ്രാഫി പ്രദർശനം കൗതുകങ്ങളുടെയും പ്രൊഫഷണലിസത്തിന്റെയും ദൃശ്യാനുഭവമാണ്. തമ്പ് നെയിൽ 2024 എന്ന ഫോട്ടോഗ്രാഫി പ്രദർശനം നൂറുകണക്കിന് കാഴ്ചക്കാരെയാണ് ആകർഷിക്കുന്നത്.ഇൻഫോപാർക്കും ഇൻഫോപാർക്ക് ഫോട്ടോഗ്രാഫി ക്ലബും(ഐപിസി) ചേർന്നാണ് പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്. കേരളത്തിൻറെ പ്രകൃതി ഭംഗി മുതൽ സാംസ്ക്കാരി പൈതൃകവും നിത്യജീവിതവുമെല്ലാം ഈ പ്രദർശനത്തിൻറെ ഭാഗമായി മാറി.

ആനകളും പാമ്പുകളും പൊന്മാനുമൊക്കെ നിറഞ്ഞതാണ് പ്രകൃതിയോടിണങ്ങി നിൽക്കുന്ന ഫോട്ടോകൾ. മുടിയേറ്റ്, തെയ്യം, അനുഷ്ഠാന കലകൾ എന്നിവ പൈതൃകത്തോട് ചേർന്നു നിൽക്കുന്നു. വള്ളംകളിയും ഉത്സവങ്ങളുമെല്ലാം എന്നും ക്യാമറകളുടെ ഇഷ്ടവിഷയങ്ങളാണ്. ഏറ്റവും പറ്റിയ മുഹൂർത്തത്തെ ക്യാമറയിലാക്കാൻ നടത്തിയ പരിശ്രമം ഫോട്ടോപ്രദർശനത്തിൻറെ മിഴിവ് കൂട്ടുന്നു.പതിവ് ഫോട്ടോകൾക്കപ്പുറം വേറിട്ട കാഴ്ചപ്പാടും ഈ ഫോട്ടോഗ്രാഫി പ്രദർശനത്തിൻറെ മുഖമുദ്രയാണ്. ഉത്തരധ്രുവത്തിലെ തിളങ്ങുന്ന വാൽനക്ഷത്രവും മനസിനെ മഥിക്കുന്ന ചില മതജീവതത്തിൻറെ ഏടുകളും പ്രദർശനത്തെ വ്യത്യസ്തമാക്കുന്നു. സങ്കീർണതയെ പ്രതീകാത്മകമാക്കിയുള്ള ഉറുമ്പുകളുടെ ജീവിതവും നവീന കാഴ്ചപ്പാടിൻറെ ഉദാഹരണമാണ്.ഇത്തരമൊരു ഫോട്ടോപ്രദർശനം സംഘടിപ്പിക്കാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ടെന്ന് ഐപിസിയുടെ സ്ഥാപകയായ എയ്ഞ്ജൽ എച് ഫെർണാണ്ടസ് പറഞ്ഞു. ക്ലബിൻറെ തുടക്കം മുതൽ തന്നെ ഫോട്ടോഗ്രാഫി വർക്ക് ഷോപ്പുകളും പ്രദർശനങ്ങൾ കാണാനുള്ള അവസരവും ഒരുക്കിയിരുന്നു. ഐപിസി ആദ്യമായാണ് ഇത്തരം പ്രദർശനം സംഘടിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.



## മെഡിസെപ്പ് : നിബന്ധന ഉപഭോക്തൃ അവകാശങ്ങളുടെ ലംഘനം: ഉപഭോക്തൃ കോടതി

**കൊച്ചി:** സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരംഭിച്ചിട്ടുള്ള ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പുമായി ബന്ധപ്പെട്ട പരാതികൾ, സർക്കാരും ഇൻഷുറൻസ് കമ്പനിയുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ത്രിതല പരാതി പരിഹാര സംവിധാനത്തിൽ പരിഹാരമായില്ലെങ്കിൽ മാത്രം കോടതിയെ സമീപിക്കാൻ സാധിക്കു എന്ന നിബന്ധന ഉപഭോക്തൃ അവകാശങ്ങളുടെ ലംഘനമാണെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതി. 2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമം വകുപ്പ് 100 പ്രകാരം ഏതൊരു ഉപഭോക്താവിനും സേവനത്തിലെ ന്യൂനതയും അധാർമിക വ്യാപാര രീതിയും ചൂണ്ടിക്കാണിച്ചുകൊണ്ട് ഉപഭോക്തൃ കോടതികളെ സമീപിക്കാം. കൂടാതെ കർണാടക സർക്കാർ Vs വിശ്വഭാരതി ഹൗസ് ബിൽഡിംഗ് കോപ്പറേറ്റീവ് സൊസൈറ്റി കേസിൽ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരമുള്ള പ്രതിവിധികൾ അനുബന്ധമാണെന്നും മറ്റ് നിയമസംവിധാനങ്ങളോടൊപ്പം തന്നെ ഉപഭോക്തൃ തർക്കപരിഹാര കോടതികൾ മുഖേനയും പരിഹാരങ്ങൾ തേടാമെന്നും സുപ്രീം കോടതിയുടെ ഉത്തരവും കോടതി ചൂണ്ടികാട്ടി. മെഡിസെപ്പ് പ്രകാരം ഇൻഷുറൻസ് ക്ലെയിം ലഭിച്ചില്ലെന്ന എറണാകുളം കറുകപ്പിള്ളി സ്വദേശിയും റിട്ടയേർഡ് ഹെഡ്മാസ്റ്ററുമായ സി ഡി ജോയിയുടെ പരാതിയിൽ സർക്കാരിന്റെ ആഭ്യന്തര പരാതി പരിഹാര സംവിധാനം പ്രയോജനപ്പെടുത്താത്തതിനാൽ ഉപഭോക്തൃ കോടതിക്ക് പരിഗണിക്കാനാവില്ലെന്ന ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുടെ വാദം ഡി.ബി ബിനു അധ്യക്ഷനും, വി. രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളായ ബെഞ്ച് ഇടക്കാല ഉത്തരവിലൂടെ നിരാകരിച്ചു. തുടർവാദങ്ങൾക്കായി കേസ് ജനുവരി 20 ന് വീണ്ടും പരിഗണിക്കും. പരാതിക്കാരന് വേണ്ടി അഡ്വക്കറ്റ് മിഷാൽ എം ദാസൻ കോടതിയിൽ ഹാജരായി.

## ബേക്കർ ടില്ലിപൈയേറിയൻ ഇൻഫോപാർക്കിൽ പ്രവർത്തനം തുടങ്ങി

**കൊച്ചി:** ആഗോള ടാക്സ് കൺസൽട്ടന്റ് കമ്പനി ബേക്കർ ടില്ലി പൈയേറിയൻ(ബിടിപൈ) മാനേജ ഡ് സർവീസസ് എൽഎൽപിയുടെ കേരളത്തിലെ ആദ്യ ഓഫീസ് ഇൻഫോപാർക്കിൽ പ്രവർത്തനം തുടങ്ങി. 1000 ൽപ്പരം തൊഴിലവസരങ്ങളാണ് ഇതു വഴി ഇൻഫോപാർക്കിൽ സൃഷ്ടിക്കപ്പെടുന്നത്.വിദ്യാസമ്പന്നമായ കേരള സമൂഹത്തിന്റെ വിജ്ഞാന ശേഷി പൂർണമായും ഉപയോഗപ്പെടുത്താൻ ശ്രമിക്കുമെന്ന് കമ്പനിയുടെ ആഗോള മേധാവി ഡിയേന്ന മെറിഫീൽഡ് പറഞ്ഞു.ബംഗളുരുവിനപ്പുറത്തേക്ക് ഓഫീസ് പ്രവർത്തനം വ്യാപിപ്പിക്കാൻ തീരുമാനിച്ചപ്പോൾ കമ്പനിയുടെ യുഎസ് ഓഫീസ് വഴിയാണ് കൊച്ചിയെ തെരഞ്ഞെടുത്തത്. വരും വർഷങ്ങളിൽ ആയിരം പേരെയെങ്കിലും റിക്രൂട്ട് ചെയ്യാനുള്ള പദ്ധതിയാണുള്ളതെന്നും അവർ കൂട്ടിച്ചേർത്തു.ഇൻഫോപാർക്ക് ഫേസ് ഒന്ന് കാമ്പസിലെ ലുലു സൈബർ ടവർ ഒന്നിലെ പതിനായിരം ചതുരശ്രയടി സ്ഥലത്താണ് ബിടിപൈ പ്രവർത്തനം തുടങ്ങുന്നത്. തുടക്കത്തിൽ 85 ജീവനക്കാരാണുണ്ടാകുന്നത്.അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന ബേക്കർ ടില്ലിയും ഇന്ത്യ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പൈയേറിയൻ ഗ്രൂപ്പിന്റെയും സംയുക്ത സംരംഭമാണ് ബിടിപൈ. അമേരിക്കൻ നികുതി സംബന്ധമായ സേവനങ്ങളാണ് കമ്പനി നൽകുന്നത്. വരും ദിവസങ്ങളിൽ തുടക്കക്കാർക്കും പരിചയസമ്പന്നർക്കും ഒരു പോലെ അവസരമുണ്ടാകുമെന്നും കമ്പനിയുടെ ഇന്ത്യ മേധാവി ഗുരുനാഥ് കനത്തൂർ പറഞ്ഞു.ബിടിപൈ ടാക്സ് മേധാവി ക്രിസ് ജോൺസൺ, ക്രേസെൻ ബോഷിലോവ്, ബ്രിജിഡ് എലിയട്ട്, ലൈജിയ വെയിൽ തുടങ്ങിയ ബിടിപൈയുടെ ആഗോള നേതൃനിരയും ചടങ്ങിൽ സംബന്ധിച്ചു.ബംഗളുരു ഓഫീസിലെ ടാക്സ് ഡയറക്ടർ ഭാരതി ചന്ദ്രൻ, കൊച്ചി സെന്റർ ലീഡ് സൈബിൻ പൗലോസ്, മാനേജർ രാജ്കുമാർ കെ എന്നിവരാണ് കമ്പനിയുടെ കൊച്ചിയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

## കൊച്ചി വിമാനത്താവളത്തിൽ പമ്പയിലേക്ക് കെ.എസ്.ആർ.ടി.സി ബസ് സർവീസ്

**കൊച്ചി:** നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്ന് പമ്പയിലേക്ക് ദിവസേനയുള്ള സ്പെഷ്യൽ ബസ് സർവീസ് മന്ത്രി പി. രാജീവ് ഫ്ളാഗ് ഓഫ് ചെയ്തു. കൊച്ചി വിമാനത്താവളത്തിൽ നിന്ന് രാത്രി 8 മണിക്ക് പുറപ്പെട്ട് രാവിലെ 2:30 ന് പമ്പയിൽ എത്തുന്ന രീതിയിലാണ് സർവീസ് ക്രമീകരിച്ചിരിക്കുന്നത്. കെ.എസ്.ആർ.ടി.സി ഓൺലൈൻ വഴിയും നേരിട്ടും ടിക്കറ്റുകൾ ലഭ്യമാകും. വിമാനത്താവളത്തിൽ നിന്നും 30 ൽ അധികം യാത്രക്കാരുണ്ടെങ്കിൽ ചാർട്ടേർഡ് ബസ് അനുവദിക്കുന്നതാണ്. www.online.skrtcswift.com എന്ന വെബ്സൈറ്റ് വഴിയും , Ente KS-RTC Neooprs ആപ്പ് വഴിയും , 9539215231, 9562738311 എന്നീ നമ്പറുകളിലും മുൻകൂട്ടി ടിക്കറ്റ് റിസർവ് ചെയ്യാം.

# ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് സാമ്പത്തിക ഫലം പ്രഖ്യാപിച്ചു

**കൊച്ചി:** തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കായ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്, 2025 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിലെയും ആദ്യ പകുതിയിലെയും സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ചു. രണ്ടാം പാദത്തിൽ ബാങ്ക് 190 കോടി രൂപയുടെ നഷ്ടം റിപ്പോർട്ട് ചെയ്തു, അറ്റ പലിശ വരുമാനം 2024 സാമ്പത്തിക വർഷത്തിലെ 597 കോടി രൂപയിൽ നിന്ന് 540 കോടി രൂപയായി കുറഞ്ഞു. അതേ സമയം, ബാങ്ക് 8.6% അറ്റ പലിശ മാർജിൻ നിലനിർത്തി. സുരക്ഷിത വായ്പാ വിതരണം 92% വർധിച്ച് 5,631 കോടി രൂപയിലെത്തി, കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഇത് 2,937 കോടി രൂപയായിരുന്നു. സുരക്ഷിത അസറ്റ് പോർട്ട്ഫോളിയോ 2024 25 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ 38% ആയി വളർന്നു. മുൻവർഷം ഇതേ കാലയളവിൽ ഇത് 27% ആയിരുന്നു.

സ്വർണ വായ്പ ആദ്യ പകുതിയിൽ 59% വർദ്ധിച്ച് 3,742 കോടി രൂപയിലെത്തി. മുൻവർഷമിത് 2,352 കോടി രൂപയായിരുന്നു. കാസ നിക്ഷേപങ്ങൾ ശക്തമായ വളർച്ച കാഴ്ചവെച്ചു. 69.3% വർധിച്ച് 5,319 കോടി രൂപയായി. മുൻ സാമ്പത്തിക വർഷമിത് 3,142 കോടി രൂപയായിരുന്നു. കാസ അനുപാതം 18.04% ൽ നിന്ന് 24.6% വർധിച്ചു. 2024 ജൂണിൽ 61.9% ആയിരുന്ന പ്രൊവിഷൻ കവറേജ് റേഷ്യോ (ജഇഞ) 2024 സെപ്തംബർ വരെ 73.7% ആയി ഉയർത്തി. അറ്റനിഷ്ക്രിയ ആസ്തികളും മെച്ചപ്പെട്ടു. 2024 ജൂണിൽ 3.22% ആയിരുന്നത് 2024 സെപ്റ്റംബറിൽ 2.98% ആയി കുറഞ്ഞു. 23%ന് മുകളിൽ ആരോഗ്യകരമായ മൂലധന പര്യാപ്തത അനുപാതവും ബാങ്ക് നിലനിർത്തി. 2025 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ ഇസാഫ് 5.68 ലക്ഷം പുതിയ ഉപഭോക്താക്കളെ കൂട്ടി ചേർത്തു. മൊത്തം 89.41 ലക്ഷം ഉപഭോക്താക്കളാണ് ബാങ്കിനുള്ളത്. ബാങ്കിന്റെ മൊത്ത ബിസിനസ് 17% വർധിച്ച് 40,829 കോടി രൂപയിലെത്തി. മൊത്തത്തിലുള്ള അഡ്വാൻസുകൾ 21.3% വർധിച്ച് 18,340 കോടിയായി. മൊത്തം ലോൺ 10% വർധിച്ച് 19,216 കോടി രൂപയായി. നിക്ഷേപങ്ങളും ഗണ്യമായി ഉയർന്നു. മൊത്തം നിക്ഷേപം 24.1% വർധിച്ച് 2024 സാമ്പത്തിക വർഷത്തിലെ 17,416 കോടി രൂപയിൽ നിന്ന് 21,613 കോടി രൂപയായി.മൊത്തത്തിലുള്ള ബിസിനസിൽ 17% വർധനയും കാസ നിക്ഷേപങ്ങളിൽ ശക്തമായ ഉയർച്ചയും ഉണ്ടായി. 92% നിക്ഷേപങ്ങളും റീട്ടെയിൽ മേഖലയിൽ നിന്നായിരുന്നു. ഇത് ബാങ്കിന്റെ സാമ്പത്തിക സ്ഥിരതയ്ക്ക് അടിവരയിടുന്നു. അടുത്ത രണ്ട് മൂന്ന് പാദങ്ങളിൽ ആസ്തി ഗുണനിലവാരം മെച്ചപ്പെടുത്താൻ കഴിയുമെന്ന് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് അഭിപ്രായപ്പെട്ടു. പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉപഭോക്തൃ അനുഭവം വർദ്ധിപ്പിക്കുന്നതിനുമുള്ള സാങ്കേതിക മുന്നേറ്റങ്ങളിൽ ഇസാഫ് ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നു അദ്ദേഹം സൂചിപ്പിച്ചു. ബാങ്കിന് 24 സംസ്ഥാനങ്ങളിലും 2 കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 756 ശാഖകളാണുള്ളത്. 646 എടിഎമ്മുകൾ, 35 സ്ഥാപന ബിസിനസ് കറസ്പോണ്ടന്റ് പങ്കാളിത്തം, 1,097 കസ്റ്റമർ സർവീസ് സെന്ററുകളുമുണ്ട്.

# അർവീന്ദർ സിംഗ് സാഹ്നി ഇന്ത്യൻ ഓയിൽ ചെയർമാൻ



**കൊച്ചി:** അർവിന്ദർ സിംഗ് സാഹ്നി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് ( ഇന്ത്യൻ ഓയിൽ) ചെയർമാനായി ചുമതലയേറ്റു.കാൺപൂരിലെ എച്ച് ബി പി ടി ഐയിൽ കെമിക്കൽ എൻജിനീയറായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം 1993 ൽ ഇന്ത്യൻ ഓയിലിന്റെ ഭാഗമായി. ഇക്കാലയളവിൽ റിഫൈനറി ഓപ്പറേഷൻസ്, സാങ്കേതിക സഹായം, ആരോഗ്യം, സുരക്ഷ, പരിസ്ഥിതി, പെട്രോകെമിക്കൽസ് തുടങ്ങിയ രംഗങ്ങളിലെ സുപ്രധാന ചുമതലകൾ വഹിച്ചു. രാജ്യത്തിന്റെ റിഫൈനറി ശേഷിയും ഊർജ്ജ സുരക്ഷയും ശക്തമാക്കിയ15 എംഎം ടി പി എ പാരാഡിപ്പ് റിഫൈനറി കമ്മീഷൻ ചെയ്യുന്നതിൽ അദ്ദേഹം നിർണായക പങ്ക് വഹിച്ചു. ചെയർമാനായി ചുമതലയേൽക്കുന്നതിന് മുൻപുള്ള കാലഘട്ടം അദ്ദേഹം ഇന്ത്യൻ ഓയിൽ പെട്രോ കെമിക്കൽ വെർട്ടിക്കലിന്റെ നേതൃസ്ഥാനം വഹിക്കുകയായിരുന്നു.

പാരദ്വീപിൽ ഉടൻ ആരംഭിക്കുന്ന മെഗാ പെട്രോ കെമിക്കൽ കോംപ്ലക്സ് ഉൾപ്പെടെ നിരവധി പെട്രോ കെമിക്കൽ പ്രോജക്ടുകളിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. രാജ്യത്ത് ഹരിതോർജ്ജ പദ്ധതികൾ കൊണ്ടുവരുന്നതിലും അദ്ദേഹം സുപ്രധാന സംഭാവനകൾ നൽകിയിട്ടുണ്ട്.



# കുന്നംകുളത്ത് റാണി മേനോൻ മാക്സിവിഷൻ ഹോസ്പിറ്റൽസ് ആരംഭിച്ചു

**കുന്നംകുളം:** അത്യാധുനിക നേത്രപരിചരണ സാങ്കേതികവിദ്യയും സേവനങ്ങളും പരിചയപ്പെടുത്തി ഡോ.റാണി മേനോൻ മാക്സിവിഷൻ ഹോസ്പിറ്റൽസ് കുന്നംകുളത്ത് ആരംഭിച്ചു. കെ.രാധാകൃഷ്ണൻ എം പി ഉദ്ഘാടനം ചെയ്തു. എ.സി മൊയ്തീൻ എംഎൽഎ, കുന്നംകുളം നഗരസഭാ ചെയർപേഴ്സൺ സീതാ രവീന്ദ്രൻ, മാക്സിവിഷൻ ഗ്രൂപ്പ് ചെയർമാൻ ഡോ.ജി.എസ്.കെ.വേലു, ഡോ.റാണി മേനോൻ മാക്സിവിഷൻ ഐ ഹോസ്പിറ്റൽ മാനേജിങ് ഡയറക്ടർ ഡോ.റാണി മേനോൻ, മാക്സിവിഷൻ ഗ്രൂപ്പ് സി ഇ ഒ സുധീർ വി.എസ്. എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

5000 ചതുരശ്ര അടി സ്ഥലത്ത് നിർമിച്ചിരിക്കുന്ന ആശുപത്രിയിൽ കാഴ്ചവൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള ഏറ്റവും അത്യാധുനിക പരിശോധന ഉപകരണങ്ങളും തിമിരം, റിഫ്രാക്റ്റീവ് പ്രശ്നങ്ങൾ എന്നിവ ചികിത്സിക്കുന്നതിനുള്ള നൂതന റോബോട്ടിക് സാങ്കേതികവിദ്യകൾ ഉൾപ്പടെ സൂപ്പർസ്പെഷ്യാലിറ്റി നേത്ര പരിപാലന ശസ്ത്രക്രിയ സൗകര്യങ്ങളും ലഭ്യമാണെന്ന് ചെയർമാൻ ഡോ.ജി.എസ്.കെ.വേലു പറഞ്ഞു.മോഡുലാർ എച്ച്ഇപിഎ ഫിൽട്ടറുകളുള്ള അത്യാധുനിക അണുബാധ നിയന്ത്രിത രണ്ട് ഓപ്പറേഷൻ തിയേറ്ററുകൾ, മൂന്ന് കൺസൾട്ടേഷൻ മുറികൾ, ആറ് ഡയഗ്നോസ്റ്റിക് സ്റ്റേഷനുകൾ, ഹോംലി പോസ്റ്റ് ഓപ്പറേറ്റീവ് വാർഡുകൾ / മുറികൾ, വിശാലമായ ഒപ്റ്റിക്കൽ സ്റ്റോർ എന്നിവയും പുതിയ ആശുപത്രിയിലുണ്ട്.ഡയബറ്റിക് റെറ്റിന, പീഡിയാട്രിക്, ഒക്കുലോപ്ലാസ്റ്റി, കോർണിയ, നേത്രരോഗത്തിലെ മറ്റ് സൂപ്പർ സ്പെഷ്യാലിറ്റികൾ എന്നിവയിൽ സ്പെഷ്യലൈസ് ചെയ്ത സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരും ആശുപത്രിയിലുണ്ടാകും. മാക്സിവിഷൻ കുന്നംകുളത്തേക്ക് വ്യാപിപ്പിക്കാനും ലോകോത്തര നേത്രസംരക്ഷണ സേവനങ്ങൾ ഈ മേഖലയിൽ ലഭ്യമാക്കാനും സാധിച്ചതിൽ സന്തുഷ്ടരാണെന്നും ചെയർമാൻ ഡോ.ജി.എസ്.കെ.വേലു പറഞ്ഞു.

കഴിഞ്ഞ 30 വർഷമായി തൃശൂർ, ഗുരുവായൂർ, വടക്കാഞ്ചേരി എന്നിവിടങ്ങളിൽ തിമിരം, ഗ്ലോക്കോമ, ലാസിക് ശസ്ത്രക്രിയകൾ എന്നിവ ചെയ്യുന്നതിന്റെ അനുഭവസമ്പത്താണ് തന്റെ കരുത്തെന്ന് റാണി മേനോൻ മാക്സിവിഷൻ ഐ ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ.റാണി മേനോൻ പറഞ്ഞു. ഈ സാമ്പത്തിക വർഷാവസാനത്തോടെ തങ്ങൾ 70ലധികം ആശുപത്രികളുള്ള ആശുപത്രി ഗ്രൂപ്പായി മാറുമെന്നും മുൻഗണന പട്ടികയിൽ കേരളം ഉൾപ്പെടുന്നതായും മാക്സിവിഷൻ ഗ്രൂപ്പ് സി ഇ ഒ സുധീർ വി.എസ് പറയുന്നു.

# ഭീം ആപ്പ് വഴി പണമടക്കലിന് സൗകര്യം അവതരിപ്പിച്ച് എൻപിഎസ്

**കൊച്ചി:** നാഷണൽ പെയ്മെൻറ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ സമ്പൂർണ സബ്സിഡിയറിയായ എൻപിസിഐ ഭീം സർവീസസ് ഭീം ആപ്പ് വഴിയുള്ള എൻപിഎസ് പണമടക്കലിനുള്ള സൗകര്യം അവതരിപ്പിച്ചു. ദശലക്ഷക്കണക്കിന് ഇന്ത്യക്കാർക്ക് തങ്ങളുടെ പെൻഷൻ വിഹിതം സുഗമമായി അടക്കാനുള്ള അവസരമാണിതിലൂടെ ലഭിക്കുന്നതെന്ന് എൻബിഎസ്എൽ ചീഫ് ബിസിനസ് ഓഫിസർ രാഹുൽ ഹൻഡ പറഞ്ഞു. സുഗമവും സുരക്ഷിതവും താങ്ങാവുന്ന വിധത്തിലുള്ളതുമായ റിട്ടയർമെൻറ് സമ്പാദ്യം ലഭ്യമാക്കുന്നതിനായി ഭാരത് കണക്ട് ഉപയോഗിക്കുന്നതാണ് ഈ നീക്കം.

ഭീം ഉപയോക്താക്കൾക്ക് തങ്ങളുടെ നിലവിലുള്ള എൻപിഎസ് അക്കൗണ്ടുകളിലേക്ക് എളുപ്പത്തിൽ പണമടക്കാൻ ഇതോടെ സാധിക്കും. സങ്കീർണമായ വിവരങ്ങൾ ഓർത്തിരിക്കേണ്ട ആവശ്യവും ഇതിലൂടെ ഇല്ലാതാക്കാം. ഉപയോക്താക്കൾക്ക് തങ്ങളുടെ മൊബൈൽ നമ്പറും കുറഞ്ഞ വിശദാംശങ്ങളും മാത്രമായി തങ്ങളുടെ പണമടക്കൽ നടത്താം. അതുവഴി റിട്ടയർമെൻറ് പ്ലാനിങ് ഏതാനും ക്ലിക്കുകൾ മാത്രം കൊണ്ട് വളരെ ലളിതമായി നടത്താം. ഭീം വഴിയുള്ള പണമടക്കലുകൾ വെറും ഒരു ബിസിനസ് ദിനം കൊണ്ട് പൂർണമായി പ്രോസസ്സ് ചെയ്യുകയും നിക്ഷേപിക്കുകയും ചെയ്ത് കൃത്യമായ സമയത്തുള്ള നിക്ഷേപം ഉറപ്പാക്കും.

ഇന്ത്യയിലെ ദശലക്ഷക്കണക്കിനു പേർക്ക് അത്യാവശ്യ സാമ്പത്തിക സേവനങ്ങൾ കൂടുതൽ അടുത്തെത്തിക്കുന്ന നിർണായക നീക്കമാണ് ഭീമിൽ എൻപിഎസ് പണമടക്കൽ ലഭ്യമാക്കുന്നതു വഴി നടത്തുന്നതെന്ന് രാഹുൽ ഹൻഡ പറഞ്ഞു. ഭീം വഴി നേരിട്ട് എൻപിഎസ് പണമടക്കൽ സാധ്യമാക്കുന്നതോടെ റിട്ടയർമെൻറ് പ്ലാനിങിനായുള്ള സംസ്ക്കാരവും ദീർഘകാല സുരക്ഷിതത്വവും എല്ലാവരിലും എത്തിക്കാനാവും. കൂടുതൽ സ്വാശ്രയമായ രാജ്യത്തിനായുള്ള ശക്തമായ ഒരു ചുവടുവെപ്പാണിത്. കൂടുതൽ പേരെ ഔപചാരിക സാമ്പത്തിക സേവനങ്ങളിലേക്ക് എത്തിക്കാനുള്ള പ്രതിബദ്ധതയും ഭീമിനെ സമഗ്ര സാമ്പത്തിക സംവിധാനമാക്കി വളർത്തിയെടുക്കുന്ന നീക്കവുമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഭാരത് കണക്ടിൻറെ പിന്തുണയോടെ എൻപിഎസിൽ ഭീം ലഭ്യമാക്കുന്നതിൽ തങ്ങൾ ആഹ്ലാദഭരിതരാണെന്ന് എൻപിസിഐ ഭാരത് ബിൽപേ സിഇഒ നൂപർ ചതുർവേദി പറഞ്ഞു. ആപ്പ് വഴി ബുദ്ധിമുട്ടില്ലാത്ത രീതിയിൽ തങ്ങളുടെ എൻപിഎസ് അക്കൗണ്ടുകളിലേക്ക് പണമടക്കാൻ ഇത് ഭീം ഉപയോക്താക്കളെ സഹായിക്കും. ഇന്ത്യയിൽ എമ്പാടുമുള്ള ജനങ്ങളെ സാമ്പത്തിക സേവനങ്ങളിലേക്ക് എത്തിക്കുകയാണ് തങ്ങളുടെ ലക്ഷ്യം. അതിനുള്ള പ്രതിബദ്ധത ഉയർത്തിക്കാട്ടുന്നതാണ് ഈ നീക്കം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സ്പീക്ക്ഈസി ബ്രാന്റ് അംബാസഡറായി മമ്മൂട്ടി




**കൊച്ചി:** ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്പീക്ക്ഈസി ഇംഗ്ലീഷ് അക്കാദമിയുടെ ബ്രാന്റ് അംബാസഡറായി മമ്മൂട്ടി. ഗ്രാൻഡ് ഹോട്ടലിൽ നടന്ന ചടങ്ങിൽ ബ്രാന്റ് അംബാസഡറായി രംഗത്തെത്തിയ മമ്മൂട്ടിയെ അവതരിപ്പിച്ചുള്ള പുതിയ പരസ്യം പുറത്തിറക്കി. മമ്മൂട്ടിയുമൊത്തുള്ള സഹകരണം ബ്രാൻഡിന്റെ മികവിനോടുള്ള പ്രതിബദ്ധതയ്ക്കും മൂല്യങ്ങൾക്കും മുമ്പോട്ടേക്കുള്ള കാഴ്ചപ്പാടുകൾക്കുമുള്ള ഉദാഹരണമാണെന്ന് സ്പീക്ക്ഈസി സിഇഒ മസ്ദൂഖ് നിസാമി പറഞ്ഞു. മമ്മൂട്ടിയുടെ പാരമ്പര്യവും സാന്നിധഅയവും സ്വാധീനവും സ്പീക്ക്ഈസിയുടെ ധാർമ്മികതയുമായി പരിധികളില്ലാതെ ഒത്തുചേരുന്നുവെന്നും അദ്ദേഹം വിശദമാക്കി.

വിഖ്യാത ഭാഷാ വിദഗ്ധനായ മസ്ദൂഖ് നിസാമിയുടെ മാർഗനിർദേശപ്രകാരം സൂക്ഷ്മമായി രൂപകൽപ്പന വ്യത്യസ്ത കോഴ്സുകളാണ് സീക്ക്ഈസ് വാഗ്ദാനം ചെയ്യുന്നത്. കോഡ് അടിസ്ഥാനമാക്കി നൂതന രീതികൾ സംയോജിപ്പിക്കുന്ന സ്പീക്ക്ഈസിയുടെ സമീപനം പരമ്പരാഗത അക്കാദമികളിൽ നിന്നും അതിനെ വേറിട്ടു നിർത്തുന്നു.വ്യക്തിപരവും തൊഴിൽപരവുമായ വളർച്ചയിൽ ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യം സ്വാധീനം ചെലുത്തുമെന്നും മസ്ദൂഖ് നിസാമി പറഞ്ഞു. ഇംഗ്ലീഷിലുള്ള പ്രാവീണ്യം അവസരങ്ങളുടെ ഒരു ലോകം തുറക്കുമെന്നും വിവിധ മേഖലകളിൽ ആത്മവിശ്വാസത്തോടെ ഇടപഴകാൻ പ്രാപ്തരാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഭാഷാ പഠനത്തിന് ലളിതവും ഫലപ്രദവുമായ സമീപനമാണ് സ്പീക്ക്ഈസി സ്വീകരിച്ചിരിക്കുന്നത്. ആറു ലക്ഷം വിദ്യാർഥികളും പ്രതിമാസം 6,000ലധികം പുതിയ അഡ്മിഷനുകളുമുള്ള സ്പീക്ക്ഈസി ഇംഗ്ലീഷ് അക്കാദമി ഭാഷാ വികസനത്തിനുള്ള വിശ്വസനീയ സ്ഥാപനമാണെന്ന് ഇതിനകം തെളിയിച്ചിട്ടുണ്ട്. അനുദിനം വളരുന്ന വിദ്യാർഥി അടിത്തറ അക്കാദമിയുടെ ഫലപ്രദമായ അധ്യാപന രീതികളുടെയും മികവിനോടുള്ള പ്രതിബദ്ധതയുടെയും തെളിവാണെന്നും അദ്ദേഹം വ്യക്തമാക്കി.സ്പോക്കൺ ഇംഗ്ലീഷ്, ഐഇഎൽടിഎസ്, ഒഇടി, പബ്ലിക് സ്പീക്കിംഗ്, ഇംഗ്ലീഷ് ട്രെയിനിംഗ്, ഇംഗ്ലീഷ് ജൂനിയർ, ഇന്റർവ്യൂ തയ്യാറാക്കൽ, ആക്സന്റ് ട്രെയിനിംഗ് എന്നിവ സ്പീക്ക്ഈസിയിലെ വ്യത്യസ്ത കോഴ്സുകളാണ്. ഇവ വിവിധ ലക്ഷ്യങ്ങളുള്ള പഠിതാക്കൾക്ക് ഗുണകരമാകും.

ഓൺലൈൻ, ഓഫ്‌ലൈൻ ടീമിന്റെ പിന്തുണയോടെ ഓരോ വിദ്യാർഥിക്കും ക്ലാസ് മുറിയിലോ വിദൂരമായോ പഠിക്കുമ്പോൾ വ്യക്തിഗത ശ്രദ്ധ ലഭിക്കുന്നുണ്ടെന്ന് അക്കാദമി ഉറപ്പാക്കുന്നു. നിലവിൽ ദുബായ്, കോഴിക്കോട്, കൊച്ചി, തൃശൂർ, തിരുവനന്തപുരം, മഞ്ചേരി, തിരൂർ, കണ്ണൂർ, എടപ്പാൾ, ഫറോക്ക് എന്നിവിടങ്ങളിലാണ് സ്പീക്ക്ഈസിയുടെ ശാഖകൾ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

# കേരള പ്രിന്റേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം

**കൊച്ചി:** കേരള പ്രിൻറേഴ്സ് അസോസിയേഷൻറെ 39ാം സംസ്ഥാന സമ്മേളനവും കേരള പ്രിൻറ് ആന്റ് പായ്ക്ക് 2024 മെഗാ എക്സിബിഷനും എറണാകുളം കാക്കനാട് ഇൻഫോ പാർക്കിന് സമീപമുള്ള കിൻഫ്ര ഇൻറർനാഷണൽ എക്സിബിഷൻ സെൻററിൽ നവംബർ 15, 16, 17തീയതികളിൽ നടക്കും. ഇന്ന് രാവിലെ 10.30 കെ പി.എ. സംസ്ഥാന പ്രസിഡൻറ് വൈ. വിജയൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എറണാകുളം എം.പി. ഹൈബി ഈഡൻ എക്സിബിഷൻ ഉദ്ഘാടനം നിർവ്വഹിക്കും. തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള മുഖ്യാതിഥിയായിരിക്കുമെന്ന് കെപിഎ വൈസ് പ്രസിഡൻറ് ആന്റ് ജനറൽ കൺവീനർ രാജീവ് ഉപ്പത്ത്, സംസ്ഥാന സെക്രട്ടറി പി.കെ. സുരേന്ദ്രൻ, എറണാകുളം ജില്ലാ പ്രസിഡൻറ് ബിനു പോൾ, എറണാകുളം ജില്ലാ ട്രഷറർ എ.ആർ. മനോജ്കുമാർ, മീഡിയ കൺവീനർ മാർട്ടിൻ മാത്യു തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. 16, 17 തീയതികളിൽ കേരള പ്രിൻറ് & പായ്ക്ക് 2024 മെഗാ എക്സിബിഷൻ തുടരും. പ്രിൻറിംഗ് മെഷനറികൾ, ഡിജിറ്റൽ പ്രിൻററുകൾ, കട്ടിംഗ് മെഷനറികൾ, ലാമിനേഷൻ മെഷനറികൾ, പ്രിൻറിംഗ് ഫിനിഷിംഗ് മെഷനറികൾ തുടങ്ങി അനുബന്ധ സാമഗ്രഹികളുടെയും തദ്ദേശിയവും വിദേശനിർമ്മിതവുമായ നീണ്ടനിര തന്നെ പ്രദർശനത്തിന് ഉണ്ടായിരിക്കും. സ്പോട്ടിൽതന്നെ മെഷനറികൾ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. അഖിലേന്ത്യ പ്രദർശനം രാവിലെ 10 മുതൽ വൈകീട്ട് 6 മണി വരെ മൂന്നു ദിവസങ്ങളിലും ഉണ്ടായിരിക്കും. പ്രവേശനം സൗജന്യമാണ്.നവംബർ 17 ഞായറാഴ്ച രാവിലെ 10.00 ന് അച്ചടി നൂതന യുഗത്തിൽ എന്ന വിഷയത്തിൽ ടെക്നോവ ഇമേജിങ് സിസ്റ്റംസ്, അസിസ്റ്റൻറ് മാനേജർ കെ.എസ്. ദീക്ഷിത് ക്ലാസ്സ് നയിക്കും. രാവിലെ 11:00 ന് കെ പി.എ. സംസ്ഥാന പ്രസിഡൻറ് വൈ. വിജയൻ അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽകേരള വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് 2.30 ന് സംസ്ഥാന കൗൺസിൽ യോഗത്തിൽ കെപിഎ രക്ഷാധികാരി പാറത്തോട് ആൻറണി ഉദ്ഘാടനം നിർവ്വഹിക്കും. ജനറൽ സെക്രട്ടറി പി. എം. ഹസൈനാർ വാർഷിക റിപ്പോർട്ടും സംസ്ഥാന ട്രഷറർ പി. അശോക് കുമാർ വാർഷിക കണക്കും അവതരിപ്പിക്കും. സംസ്ഥാന വൈസ് പ്രസിഡൻറ് ജെ. ഭുവനേന്ദ്രൻ നായർ, സംസ്ഥാന സെക്രട്ടറിമാരായ പി.കെ. സുരേന്ദ്രൻ, അനീസ് ചുണ്ടയിൽ തുടങ്ങിയവർ പ്രസംഗിക്കും.

# സ്പ്രെഡിംഗ് ജോയ് ഇനി അറബി ഭാഷയിലും




**കൊച്ചി:** പ്രമുഖ വ്യവസായിയും ജോയ്ആലുക്കാസ് ഗ്രൂപ്പ് സ്ഥാപകനുമായ ജോയ് ആലുക്കാസിന്റെ ആത്മകഥ 'സ്പ്രെഡിംഗ് ജോയ് ഹൗ ജോയ് ആലുക്കാസ് ബികേം ദി വേൾഡ്സ് ഫേവറിറ്റ് ജ്വലർ' എന്ന പുസ്തകം അറബി ഭാഷയിൽ പ്രകാശനം ചെയ്തു. ദുബായിൽ നടന്ന പരിപാടിയിൽ യുഎഇയുടെ ഫോറിൻ ട്രേഡ് സഹമന്ത്രി ഡോ. താനി ബിൻ അഹ്മദ് അൽ സെയൂദി മുഖ്യാതിഥിയായി. നിരവധി ബിസിനസ് സംരംഭകരെ വാർത്തെടുക്കാൻ സഹായിച്ച ദുബായ് നഗരത്തോടുള്ള ആദരക സൂചകമായാണ് അറബി പതിപ്പ് അവതരിപ്പിച്ചിരിക്കുന്നത്.ഇന്ത്യയിൽ ആരംഭിച്ച്, യുഎഇയിൽ വളർന്ന ജോയ്ആലുക്കാസ് എന്ന സംരംഭം ലോകമെമ്പാടും പ്രശസ്തി നേടി എന്നത് ഏറെ അഭിമാനകരമാണെന്ന് യുഎഇയുടെ ഫോറിൻ ട്രേഡ് മന്ത്രി ഡോ. താനി ബിൻ അഹ്മദ് അൽ സെയൂദി പറഞ്ഞു. സ്വർണ്ണ വ്യവസായത്തിന്റെ വളർച്ചയ്ക്ക് മികച്ച പിന്തുണ നൽകി യുഎഇയും ഇന്ത്യയും തമ്മിലുള്ള വാണിജ്യ ബന്ധം ശക്തിപ്പെടുത്താൻ ജോയ് ആലുക്കാസ് ഏറെ സഹായിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിജയകരമായ ബിസിനസ്സ് നേതാക്കൾ കൊണ്ടുവന്ന പ്രചോദനത്തെയും ഐക്യത്തെയും കുറിച്ച് പുസ്തകം പറയുമെന്ന് എനിക്ക് ഉറപ്പുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അറബ് ലോകത്തേക്ക് 'സ്പെഡിംഗ് ജോയ്' എത്തിക്കണമെന്നത് ഒരു സ്വപ്നമായിരുന്നെന്നും, എന്നെപ്പോലെ തന്നെ നിരവധി ആളുകളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ യുഎഇ സഹായിച്ചിട്ടുണ്ടെന്നും ജോയ് ആലുക്കാസ് പറഞ്ഞു. ബിസിനസിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചതിന് ഈ രാഷ്ട്രത്തിലെ നേതാക്കളോടുള്ള നന്ദി സൂചകം കൂടിയാണ് ഈ പുസ്തകം. എല്ലാ വായനക്കാർക്കും പിന്തുണച്ചവർക്കും നന്ദി രേഖപ്പെടുത്തുവാൻ ഈ അവസരം ഉപയോഗിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. തൃശ്ശൂർ ജില്ലയിൽ ആരംഭിച്ച്, മികച്ച നേതൃപാടവത്തിലൂടെയും, ഉപഭോക്താക്കളോടുള്ള പ്രതിബദ്ധതയിലൂടെയും ജോയ് ആലുക്കാസ് എന്ന ബ്രാൻഡിനെ ആഗോളതലത്തിൽ പ്രശസ്തമാക്കിയ ജോയ് ആലുക്കാസിന്റെ സംരംഭകത്വയാത്രയാണ് സ്പെഡിംഗ് ജോയ് എന്ന പുസ്തകത്തിൽ പറയുന്നത്. യുഎഇയിലും മറ്റ് സ്ഥലങ്ങളിലും അറബി പതിപ്പ് ലഭ്യമാണ്.

